2025JANUARY
02
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## 750 കോടി മുടക്കി 2 ടൗൺഷിപ്പുകൾ; നിർമാണ ചുമതല ഊരാളുങ്കൽ സൊസൈറ്റിക്ക്

**തിരുവനന്തപുരം:** മുണ്ടെക്കൈ,ചൂരൽമല ഉരുൾപൊട്ടലിനെ അതിജീവിച്ചവർക്കായി സംസ്ഥാന സർക്കാർ രണ്ട് മോഡൽ ടൗൺഷിപ്പുകൾ നിർമിക്കും. എൽസ്റ്റോൺ എസ്റ്റേറ്റിലും നെടുമ്പാല എസ്റ്റേറ്റിലുമാണ് രണ്ട് മോഡൽ ടൗൺഷിപ്പുകൾ നിർമിക്കുന്നതെന്ന് ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ അറിയിച്ചു. പുനരധിവാസം സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിലാണ് ചീഫ് സെക്രട്ടറി കാര്യങ്ങൾ വിശദീകരിച്ചത്. പുനരധിവാസമാതൃകയുടെ ദൃശ്യാവിഷ്കാരവും പ്രദർശിപ്പിച്ചു. ഇന്നു ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് പുനരധിവാസ പദ്ധതികൾക്ക് അംഗീകാരം നൽകിയത്.



ഊരാളുങ്കൽ സൊസൈറ്റിക്കാണു പുനരധിവാസത്തിന്റെ നിർമാണച്ചുമതല. 750 കോടി മുടക്കിയാണ് നിർമാണം. കിഫ്കോണിന് ആണ് നിർമാണ മേൽനോട്ടം. കൽപ്പറ്റയിൽ ടൗണിനോടു ചേർന്നു കിടക്കുന്ന ടൗൺഷിപ്പിൽ അഞ്ച് സെന്റിൽ 1000 സ്ക്വയർ ഫീറ്റ് വീടുകളാണ് നിർമിക്കുന്നത്. റോഡ്, പാർക്ക് തുടങ്ങിയ സൗകര്യങ്ങളുണ്ടാകും. ഭൂകമ്പത്തെ പ്രതിരോധിക്കുന്ന തരത്തിലുള്ള നിർമാണമാകും നടത്തുകയെന്നും ചീഫ് സെക്രട്ടറി പറഞ്ഞു. ദേശീയപാതയ്ക്കു സമീപത്തായതിനാൽ വാണിജ്യനിർമാണങ്ങളും ഉണ്ടാകും. നെടുമ്പാലയിൽ കുന്നിൻപ്രദേശത്തിന് അനുകൂലമായ രീതിയിലുള്ള നിർമാണമാകും നടത്തുക. ഇവിടെ പത്തു സെന്റിൽ 1000 ചതുരശ്രഅടി വീടുകൾ ആണ് നിർമിക്കുക. രണ്ടുനില കെട്ടുന്നതിനുള്ള അടിത്തറയാവും നിർമിക്കുക എന്നും ചീഫ് സെക്രട്ടറി പറഞ്ഞു.

കൽപ്പറ്റയിൽ ക്ലസ്റ്റർ മാതൃകയിലാണു വീടുകൾ നിർമിക്കുന്നത്. ഇതിനിടയിൽ കളി സ്ഥലവും പാർക്കിങ് ഏരിയയും സജ്ജീകരിക്കും. വീടുകൾ നിർമിക്കാനും മറ്റു നിർമാണ സാമഗ്രികൾ നൽകാനും വീട്ടുപകരണങ്ങൾ നൽകാനും സ്പോൺസർമാർ എത്തിയിട്ടുണ്ടെന്നു ചീഫ് സെക്രട്ടറി പറഞ്ഞു. കൽപ്പറ്റയിൽ കൂടുതൽ വീടുകളും നെടുമ്പാലയിൽ ഭൂമിയുടെ കിടപ്പനുസരിച്ചു കുറച്ചുവീടുകളുമാണ് നിർമിക്കുന്നത്. രണ്ടിടത്തും നിലവിൽ താമസിക്കുന്നവർക്കും ഈ സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുമെന്നും ചീഫ് സെക്രട്ടറി പറഞ്ഞു.

## ലുലുവിന്റെ 250ാം ഔട്ട്ലെറ്റ് മക്കയിൽ

**റിയാദ്:** പ്രമുഖ റീറ്റെയ്ൽ വ്യാപാര ഗ്രൂപ്പായ ലുലുവിൻറെ ആഗോള തലത്തിലെ 250ാം ഔട്ട്ലെറ്റ്  മക്കയിൽ പ്രവർത്തനം തുടങ്ങി. ജബൽ ഒമറിൽ മസ്ജിദ് അൽ ഹറാമിന് സമീപമാണ് പുതിയ ലുലു തുറന്നത്.

മക്കയിലെ പ്രദേശവാസികൾക്കും തീർഥാടകർക്കും ഉന്നത ഗുണനിലവാരമുള്ള ലോകോത്തര ഉത്പന്നങ്ങൾ ഉറപ്പാക്കുന്ന പുതിയ ലുലു സ്റ്റോർ 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കും. ഹജ്ജ് ഉംറ കർമങ്ങൾ നിർവഹിക്കാനെത്തുന്നന്ന തീർത്ഥാടകർക്കും ലുലുവിൻറെ സാന്നിധ്യം ഗുണകരമാകും.

ജബൽ ഒമർ ഡെവലപ്മെൻറ് കമ്പനി ലീസിംഗ് മാനേജർ സഹേർ അബ്ദുൾമജീദ് ഖാൻ മക്കയിലെ ലുലു സ്റ്റോറിൻറെ ഉദ്ഘാടനം നിർവഹിച്ചു. ജബൽ ഒമർ ഡെവലപ്മെൻറ് കമ്പനി ചീഫ് അസറ്റ് മാനേജ്മെൻറ് ഓഫീസർ സമീർ സബ്ര, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷ്റഫ് അലി എം.എ., ലുലു സൗദി ഡയറക്ടർ ഷെഹീം മുഹമ്മദ്, ലുലു സൗദി വെസ്റ്റേൺ പ്രൊവിൻസ് റീജിയണൽ ഡയറക്ടർ റഫീഖ് മുഹമ്മദ് അലി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

മക്കയിലേക്ക് കൂടി ലുലുവിൻറെ സാന്നിദ്ധ്യം വിപുലീകരിക്കുന്നതിൽ ഏറെ അഭിമാനമുണ്ടെന്നും മക്കയിലെത്തുന്ന തീർത്ഥാടകർക്കും പ്രദേശവാസികൾക്കും ആഗോള ഷോപ്പിങ്ങ് അനുഭവമാണ് ലുലു നൽകുകയെന്നും ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ പറഞ്ഞു.

ലോകത്തെ വിവിധയിടങ്ങളിലുള്ള മികച്ച ഉത്പന്നങ്ങളുടെ സുഗമമായ ലഭ്യത ലുലു ഉറപ്പാക്കുന്നുണ്ടെന്നും തീർത്ഥാടകർക്ക് അടക്കം ഏറ്റവും മികച്ച സേവനം നൽകുകയാണ് ലുലുവിൻറെ ദൗത്യമെന്നും അദേഹം കൂട്ടിച്ചേർത്തു.


## യുഎസിലെ ന്യൂ ഓർലിയൻസിൽ വാഹനം ജനക്കൂട്ടത്തിലേക്കു പാഞ്ഞുകയറി; 10 പേർ കൊല്ലപ്പെട്ടു



**ന്യൂ** ഓർലിയൻസ്ന്മ യുഎസിലെ ലൂസിയാന സംസ്ഥാനത്തെ ന്യൂ ഓർലിയൻസിൽ വാഹനം ജനക്കൂട്ടത്തിലേക്കു പാഞ്ഞുകയറി 10 പേർ കൊല്ലപ്പെട്ടു. 35 പേർക്ക് പരിക്കേറ്റു. പിന്നിൽ പ്രവർത്തിച്ചത് 42 കാരനായ ഷംസുദ്ദീൻ ജബാർ എന്ന ഐഎസ് ഭീകരനാണെന്ന് പോലീസ് പറഞ്ഞു. പിക്കപ്പ് ട്രക്കാണ് അപകടമുണ്ടാക്കിയത്. ഇയാൾ ജനക്കൂട്ടത്തിനു നേരെ വെടിയുതിർത്തുവെന്ന റിപ്പോർട്ടുകളും പുറത്തുവന്നു. ഇയാളെ പിന്നീട് പൊലീസ് വെടിവച്ചു കൊന്നു. വെടിവയ്പ്പിൽ രണ്ടു പൊലീസുകാർക്കും പരുക്കേറ്റു.

പുതുവർഷാഘോഷങ്ങളിൽ പങ്കെടുക്കുന്ന ജനക്കൂട്ടത്തിലേക്കാണ് വാഹനം ഇടിച്ചുകയറ്റിയതെന്ന് അധികൃതർ അറിയിച്ചു. ന്യൂ ഓർലിയൻസ് നഗരത്തിലെ കനാൽ ബോർബോൺ തെരുവിലെ ഇന്റർസെക്ഷനിലാണ് സംഭവം. ഭീകരാക്രമണമെന്നാണ് പ്രാഥമിക നിഗമനം. സംഭവത്തിൽ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ  (എഫ്ബിഐ) അന്വേഷണമാരംഭിച്ചു. യുഎസ് പൗരനായ ഇയാൾ മുൻ സൈനിക ഉദ്യോഗസ്ഥൻ കൂടിയായിരുന്നുവെന്നു എഫ്ബിഐ അറിയിച്ചു. ഇയാളുടെ വാഹനത്തിൽ ഐഎസ് പതാക ഉണ്ടായിരുന്നതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

ഹൂസ്റ്റണിൽ റിയൽ എസ്റ്റേറ്റ് ഏജന്റായ ജബാർ സൈന്യത്തിൽ ഐടി സ്പെഷ്യലിസ്റ്റായാണ് സേവനമനുഷ്ഠിച്ചിരുന്നത്. റിയൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് ഇയാൾ യൂട്യൂബിൽ പോസ്റ്റ് ചെയ്ത വിഡിയോകൾ എഫ്ബിഐ ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. 2002ൽ മോഷണത്തിനും 2005ൽ അസാധുവായ ലൈസൻസുമായി വാഹനമോടിച്ചതിനും ജബാറിനെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.



## കലോത്സവ വേദികളിലെത്താൻ ക്യൂ ആർ കോഡ്

**തിരുവനന്തപുരം:** വിവിധ വേദികൾ, രജിസ്ട്രേഷൻ കേന്ദ്രം, വാഹനപാർക്കിങ്, ഭക്ഷണശാല തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഗൂഗിൾ സഹായത്തോടെ എത്തുന്നതിനായി ട്രാൻസ്പോർട്ട് കമ്മിറ്റി തയ്യാറാക്കിയ ക്യൂ ആർ കോഡുകൾ മന്ത്രി വി ശിവൻകുട്ടി പുറത്തിറക്കി. ഓരോ വേദികൾക്കും പ്രത്യേകം ക്യൂ ആർ കോഡുകളുണ്ട്. തിരുവനന്തപുരം നഗരത്തിന്റെ വിവിധയിടങ്ങളിലും ബസുകളിലും ക്യൂ ആർ കോഡുകൾ പ്രദർശിപ്പിക്കും.

മൊബൈൽ ഫോണിലൂടെ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് ലൊക്കേഷൻ കൃത്യമായി മനസിലാക്കാൻ സാധിക്കും. സ്കാൻ ചെയ്യുമ്പോൾ തന്നെ ഗൂഗിൾ മാപ്പിൽ ലൊക്കേഷനും മറ്റ് വിവരങ്ങളും ലഭിക്കും. കലോത്സവത്തിനായി മറ്റു ജില്ലകളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉപകാരപ്പെടുന്ന രീതിയിലാണ് ക്യൂ ആർ കോഡുകൾ ക്രമീകരിച്ചിരിക്കുന്നത്.

## വിദ്യാസമുന്നതി സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരളത്തിലെ മുന്നാക്ക (സംവരണേതര) സമുദായത്തിൽപ്പെടുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ ഉൾപ്പെടുന്നവരുമായ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ ധനസഹായമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ (സമുന്നതി) മുഖേന നടപ്പിലാക്കി വരുന്ന വിദ്യാസമുന്നതി മെരിറ്റ് സ്കോളർഷിപ്പിന് അർഹരായവരിൽ നിന്നും 202425 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ഹൈസ്കൂൾ, ഹയർസെക്കണ്ടറി, ഡിപ്ലോമ / സർട്ടിഫിക്കറ്റ് കോഴ്സുകൾ, ബിരുദം, ബിരുദാനന്തര ബിരുദം, സി.എ / സി.എം.എ / സി.എസ്, ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിലെ ബിരുദം / ബിരുദാനന്തര ബിരുദം, ഗവേഷണ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് (പിഎച്ച്.ഡി) എന്നീ വിഭാഗങ്ങളിലേക്കാണ് സ്കോളർഷിപ്പുകൾ ലഭ്യമാകുന്നത്. വിവിധ മത്സര പരീക്ഷകളുടെ പരിശീലനത്തിനുള്ള ധനസഹായം അനുവദിക്കുന്ന വിദ്യാസമുന്നതി കോച്ചിംഗ് അസിസ്റ്റൻസ് പദ്ധതിയിലേക്കും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനും www.kswcfc.org വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജനുവരി 20.

## വാക്ക് ഇൻ ഇന്റർവ്യൂ

**തിരുവനന്തപുരം:** തൃശൂർ ജില്ലയിൽ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന മോഡൽ ഹോം ഫോർ ഗേൾസ്, എൻട്രി ഹോം ഫോർ ഗേൾസ് എന്നീ സ്ഥാപനങ്ങളിൽ ഒഴിവുള്ള സെക്യൂരിറ്റി, സൈക്കോളജിസ്റ്റ് തസ്തികകളിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. നിർദ്ദിഷ്ട യോഗ്യതയുള്ള വനിത ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജനുവരി 17 ന് രാവിലെ 10 മണിക്ക് തൃശൂർ രാമവർമ്മപുരം മോഡൽ ഹോം ഫോർ ഗേൾസിൽ വച്ച് നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം. സെക്യൂരിറ്റി തസ്തികയിലേക്കുള്ള യോഗ്യത എസ്.എസ്.എൽ.സിയാണ്. 10,000 രൂപയാണ് പ്രതിമാസ വേതനം. സൈക്കോളജിസ്റ്റ് (ഫുൾ ടൈം റസിഡന്റ്) തസ്തികയിലേക്ക് സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും രണ്ട് വർഷത്തെ പ്രവർത്തിപരിചയവും വേണം. 20,000 രൂപയാണ് പ്രതിമാസ വേതനം. കൂടുതൽവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം.



# സംസ്ഥാന സ്കൂൾ കലോത്സവ സ്വർണ്ണക്കപ്പിന് കണ്ണൂരിൽ ആവേശോജ്ജ്വല സ്വീകരണം

**കണ്ണൂർ:** തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിലേക്കുള്ള സ്വർണ്ണ കപ്പിന്റെ യാത്രക്ക് കഴിഞ്ഞവർഷത്തെ ജേതാക്കളായ കണ്ണൂരിന്റെ മണ്ണിൽ സ്വീകരണം നൽകി. കാസർകോട് നിന്ന് ആരംഭിച്ച സ്വർണക്കപ്പിന്റെ യാത്രയെ കരിവെള്ളൂർ എ വി സ്മാരക ഗവ ഹയർ സെക്കൻഡറി സ്കൂളിൽ വെച്ചാണ് കണ്ണൂരിന്റെ മണ്ണിലേക്ക് സ്വീകരിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ ഗിരീഷ് ചോലയിൽ, ആർ ഡി രാജേഷ് കുമാർ എന്നിവർ സ്വർണ്ണക്കപ്പിനെ അനുഗമിച്ചു. ചൊവ്വ ഹയർസെക്കൻഡറി സ്കൂളിൽ നടന്ന സ്വീകരണത്തിൽ ഡി ഡി ഇ ബാബു മഹേശ്വരി പ്രസാദ്, എസ് എസ് കെ ജില്ലാ കോഓർഡിനേറ്റർ ഇ സി വിനോദ്, ഡയറ്റ് പ്രിൻസിപ്പൽ വി വി പ്രേമരാജൻ, സ്കൂൾ പ്രിൻസിപ്പൽ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു. ചാവശ്ശേരി ഗവ. ഹയർസെക്കൻഡറി സ്കൂളിലും സ്വീകരണം നൽകി. കൊട്ടിയൂർ ബോയ്സ് ടൗണിലെ സ്വീകരണത്തിനു ശേഷം കപ്പ് വയനാട്ടിലേക്ക് കൊണ്ടുപോയി. സ്കൂൾ വിദ്യാർത്ഥികൾ ആഹ്ലാദത്തോടെയും ആവേശത്തോടെയുമാണ് സ്വർണ്ണക്കപ്പിനെ യാത്രയാക്കിയത്. സ്വർണ്ണക്കപ്പ് ജനുവരി നാലിന് രാവിലെ തിരുവനന്തപുരത്തെത്തും.

63ാമത് സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം ജില്ലയിലെ വിവിധ വേദികളിൽ നടക്കും

# സ്കൂൾ കലോത്സവം ബഹുജനസംഗമ വേദിയാകും : മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** ജനുവരി 4 മുതൽ 8 വരെ നടക്കുന്ന അറുപത്തി മൂന്നാമത് സംസ്ഥാന സ്കൂൾ കലോത്സവം ബഹുജന സംഗമ മേളയാകുമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. കലോത്സവത്തിന്റെ അവസാനഘട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി വിവിധ കമ്മിറ്റി കൺവീനർമാരുമായും വിവിധ സംഘടനകളുമായും ശിക്ഷക് സദനിൽ നടന്ന ചർച്ചയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഡി കെ മുരളി എം എൽ എ അധ്യക്ഷത വഹിച്ചു.കലോത്സവവുമായി ബന്ധപ്പെട്ട ചെലവുകളും സ്പോൺസർഷിപ്പ് ഉൾപ്പടെയുള്ളവയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ചെക്കായി മാത്രം സ്വീകരിക്കണം. കമ്മിറ്റികൾ തമ്മിലുള്ള ഏകോപനം കൃത്യമാകണം. കമ്മിറ്റി കൺവീനർമാർക്ക് അവരുടെ മേഖലയിൽ പരിപൂർണ്ണമായ ഉത്തരവാദിത്തമുണ്ടെന്നും എല്ലാ വിഷയങ്ങളിലും കൺവീനർമാർ നേരിട്ട് ഇടപെടണമെന്നും മന്ത്രി പറഞ്ഞു. ഉദ്ഘാടന, സമാപന ചടങ്ങുകളിൽ മികച്ച പ്രാതിനിധ്യം ഉറപ്പുവരുത്തണം.

കലോത്സവം തുടങ്ങിക്കഴിഞ്ഞാൽ എല്ലാ ദിവസവും വൈകുന്നേരം 7 മണിക്ക് എല്ലാ കമ്മിറ്റികളും യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം. എല്ലാ കമ്മിറ്റികളും സംഘടനകളും മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും മേളയുടെ സമാപന ദിവസം വരെ ഇത് തുടരണമെന്നും മന്ത്രി പറഞ്ഞു.

യുവജന വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ നഗരത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ സ്വർണക്കപ്പിന് സ്വീകരണം നൽകണം. കലോത്സവ മത്സരാർഥികളുടെ യാത്രയ്ക്കായി മിതമായ നിരക്കിൽ ഓട്ടോറിക്ഷ സേവനം ബന്ധപ്പെട്ട സംഘടനകൾ ഉറപ്പാക്കണം. കലോത്സവത്തിന് ഉചിതമായ പ്രചാരണം കൊടുക്കാനും മത്സരവേദികളിൽ കാണികളുടെ സാന്നിധ്യം ഉറപ്പാക്കാനും സംഘടനകൾ ശ്രദ്ധിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

# അർത്തുങ്കൽ പള്ളിപ്പെരുന്നാൾ; ദൈനംദിന വിലയിരുത്തലിന് പ്രത്യേക സംഘം മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** ജനുവരി 10 മുതൽ 27 വരെ നടക്കുന്ന അർത്തുങ്കൽ പള്ളിപ്പെരുന്നാളിന്റെ സുഗമമായ നടത്തിപ്പിന് സർക്കാരിൻറെ വിവിധ വകുപ്പുകളുടെ ഭാഗത്തുനിന്നുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും അഞ്ച് വകുപ്പുകളുടെ ഉയർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക സംഘം രൂപവത്കരിക്കാൻ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് പ്രത്യേക നിർദ്ദേശം നൽകി. ഈ സംഘം നിശ്ചിത തീയതികളിൽ യോഗം ചേർന്ന് അടിയന്തിരമായി ആവശ്യമായ നടപടികൾ സ്വീകരിക്കണം. പെരുന്നാളിന് ദിവസങ്ങൾ മാത്രം അവശേഷിക്കെ ആദ്യ യോഗതീരുമാനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് പള്ളിയിൽ വിളിച്ചുചേർത്ത ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ചേർത്തല ഭാഗത്തുനിന്നു വരുന്ന വണ്ടി പാർക്ക് ചെയ്യേണ്ടത് പി.എച്ച്.സി. യുടെ പടിഞ്ഞാറുള്ള വലിയ ഗ്രൗണ്ടിനുള്ളിലും ആലപ്പുഴ ഭാഗത്തു നിന്നു വരുന്ന വണ്ടി പാർക്ക് ചെയ്യേണ്ടത് വടക്കുവശമുള്ള സെന്റ് ജോർജ് പള്ളിയുടെ പള്ളി സജ്ജീകരിക്കുന്ന പാർക്കിങ് ഗ്രൗണ്ടിലുമായിരിക്കണമെന്ന് യോഗത്തിൽ തീരുമാനിച്ചു. ബസ് കയറി തിരിഞ്ഞിപോകാനുള്ള സൗകര്യം ഈ രണ്ടു സ്ഥലത്തും ഒരുക്കും.

ചേർത്തല നിന്നും ആലപ്പുഴ നിന്നും കെഎസ്ആർടിസി കഴിഞ്ഞ തവണത്തേക്കാൾ കൂടുതൽ ബസ് സർവീസുകൾ നടത്തും. ഇത്തവണ 20 സർവീസ് നടക്കുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിച്ചതായി കെഎസ്ആർടിസി അധികൃതർ അറിയിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ മുനമ്പത്തുള്ള വാട്ടർ ടാങ്കിന്റെ കിഴക്കുഭാഗത്തുള്ള ഒരു മുറി (പൊവിഷൻ സ്റ്റോർ) 2025 ഫിബ്രവരി 1 മുതൽ 2026 ജനുവരി 31 വരെ വാടകയ്ക്ക് നൽകുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്ര വെച്ച കവറുകളിൽ മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു. വിശദ വിവരങ്ങൾക്കായി ഫോൺ: 0484 2967371.

## ടെണ്ടർ ക്ഷണിച്ചു

**പാലക്കാട്:** ചിറ്റൂർ അഡീഷ്ണൽ ഐ.സി.ഡി.എസ് പ്രോജക്ടിനു കീഴിലുള്ള 107 അങ്കണവാടികൾക്ക് കണ്ടിജൻസി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് മത്സരസ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഫോം ലഭിക്കേണ്ട അവസാന തിയതി ജനുവരി 15 ഉച്ചയ്ക്ക് രണ്ട് മണി. ലഭിച്ച ടെണ്ടറുകൾ അന്നേ ദിവസം വൈകിട്ട് മൂന്നിന് തുറക്കുന്നതായിരിക്കും. ചിറ്റൂർ തത്തമംഗലം മുൻസിപ്പാലിറ്റി, പൊൽപ്പുള്ളി, നല്ലേപ്പിള്ളി, പെരുമാട്ടി എന്നീ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് വേണ്ടിയാണ് ടെണ്ടർ. കൂടുതൽ വിവരങ്ങൾക്ക് 04923 273675.

## ടെൻഡർ നോട്ടീസ്

**കൊച്ചി:** അടിമാലി ശിശുവികസനപദ്ധതി ആഫീസ് പരിധിയിലെ 95 അങ്കണവാടികൾക്ക് കണ്ടിജന്സി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചു. അവസാന തീയതി ജനുവരി 15 ഉച്ചയ്ക്ക് 2 മണി. കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. 9497795701.

## ക്വട്ടേഷൻ ക്ഷണിച്ചു

**പാലക്കാട്:** തൃത്താല അഡീഷ്ണൽ ഐ.സി.ഡി.എസ് ഓഫീസിന്റെ പരിധിയിലുള്ള പട്ടിത്തറ പഞ്ചായത്തിലെ ധർമ്മഗിരി, പട്ടിത്തറ, ആനക്കര പഞ്ചായത്ത് മലമക്കാവ് എന്നീ അങ്കണവാടികൾ നവീകരിക്കുന്നതിന്റെ ഭാഗമായി പോഷകവാടിക നിർമ്മിക്കുന്നതിനും എൽ.ഇ.ഡി. ടി വി., വാട്ടർ ഫിൽറ്റർ എന്നിവ വിതരണം ചെയ്യുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനിൽ സാധനങ്ങളുടെ വില നികുതിയുൾപ്പെടെ രേഖപ്പെടുത്തണം. ജനുവരി എട്ടിന് രാവിലെ 11 മണി വരെ ക്വട്ടേഷൻ സ്വീകരിക്കും. അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് ക്വട്ടേഷൻ തുറക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0466 2371337.

## അപേക്ഷ ക്ഷണിച്ചു

**പാലക്കാട്:** കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയിലെ വിവിധ സ്കീമുകളായ അർദ്ധ ഊർജ്ജിത മത്സ്യ കൃഷി, ബയോഫ്ലോക്ക് മത്സ്യ കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ, എംബാങ്ക്മെന്റ്, വളപ്പു മത്സ്യകൃഷി, പാടുതാ കുളത്തിലെ മത്സ്യകൃഷി, എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതി പ്രകാരം മത്സ്യ വിത്തുകൾക്ക് 70 ശതമാനം സബ്സിഡിയും, മത്സ്യത്തീറ്റയ്ക്കു 40 ശതമാനം സബ്സിഡിയും ലഭിക്കും. താല്പര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷകൾ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മലമ്പുഴ, പാലക്കാട് പിൻ 678651 എന്ന വിലാസത്തിലോ മണ്ണാർക്കാട്, ചുള്ളിയാർ ആലത്തൂർ എന്നീ മത്സ്യഭവനുകളിലോ ജനുവരി എട്ടിനകം ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ 8089701489 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.




## ലോട്ടറി ടിക്കറ്റിന്റെ മുഖവില വർദ്ധിപ്പിക്കരുത്: എറണാകുളം ജില്ലാ ലോട്ടറി ഏജെൻസ് & സെല്ലേഴ്സ് സംഘം

**കൊച്ചി:** ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധിപ്പിക്കാനുള്ള നീക്കത്തിൽ നിന്ന് ലോട്ടറി വകുപ്പ് പിൻമാറണമെന്ന് എറണാകുളം ജില്ലാ ലോട്ടറി ഏജെൻസ് & സെല്ലേഴ്സ് സംഘം ( ബി.എം.എസ്) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. ലോട്ടറി ടിക്കറ്റ് ഓൺലൈനിൽ വ്യാപാരം നടത്തുന്ന വൻകിട ഏജെന്റുമാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും, ലോട്ടറി ടിക്കറ്റിന്റെ സമ്മാന തുകകൾ വർദ്ധിപ്പിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.യൂണിയൻ പ്രസിഡന്റ് സി.എസ് സുബിൻ അധ്യക്ഷത വഹിച്ച സമ്മേളനം ബി.എം.എസ് ജില്ലാ സെക്രട്ടറി ധനീഷ് നീറിക്കോട് ഉദ്ഘാടനം ചെയ്തു.ബി.എം.എസ് ജില്ലാ ട്രഷറർ കെ.എസ് ശ്യാംജിത്ത്, സി.എസ് സുബിൻ, കെ.എസ് ജഗദീഷ്, ഇ.ഡി നിധീഷ്, കെ.എസ് സതീശൻ എന്നിവർ സംസാരിച്ചു.

## സാഹിത്യ ക്യാമ്പും കോളേജ് വിദ്യാർത്ഥികൾക്കായി കഥ മത്സരവും

**കൊച്ചി :** ചാവറ കൾച്ചറൽ സെന്ററും ലളിതാംബിക അന്തർജനം സെന്ററും സംയുക്തമായ ലളിതാംബിക അന്തർജനം സ്ത്രീ സാഹിത്യവേദിയുടെ സാഹിത്യ ക്യാമ്പും കോളേജ് വിദ്യാർത്ഥികൾക്കായി കഥാ മത്സരവും ഫെബ്രുവരി 16 ന് ചാവറ കൾച്ചറൽ സെന്ററിൽ നടത്തുന്നു. ഏഴായിരം (7000) രൂപ ഒന്നാം സമ്മാനവും അയ്യായിരം (5000) രൂപ രണ്ടാം സമ്മാനവും മൂവായിരം (3000) രൂപ മൂന്നാം സമ്മാനവും നൽകുന്നു. കഥാ മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കോളേജ് വിദ്യാർത്ഥികൾ ജനുവരി 25 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.. ഐ., ലളിതാംബിക അന്തർജനം സെന്റർ ഡയറക്ടർ തനുജ ഭട്ടതിരി എന്നിവർ അറിയിച്ചു. രജിസ്ട്രഷനും വിവരങ്ങൾക്ക് 9447750402, 9400068680

## കുസാറ്റ് ഗെയിംസ് മീറ്റ് ഇന്ന് മുതൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ 42മത് ഇന്റർ കൊളീജിയേറ്റ് ഗെയിംസ് മീറ്റ് 202425 ജനുവരി 2 മുതൽ 13 വരെ യൂണിവേഴ്സിറ്റി ഗ്രൗണ്ടിലും സെന്റർ പോൾസ് കോളേജ് ഗ്രൗണ്ടിലും വെച്ച് നടക്കും. ക്രിക്കറ്റ് ടൂർണമെന്റോടെ മത്സരങ്ങൾ ആരംഭിക്കും. കുസാറ്റ് ഫിസിക്കൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് നടത്തുന്ന ഈ മെഗാ ഇവന്റിൽ കുസാറ്റ് തൃക്കാക്കര ക്യാംപസ്, സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, കുസെക് കുട്ടനാട്, 8 അംഗീകൃത കോളേജുകൾ എന്നിവടങ്ങളിൽ നിന്നുള്ള 1500 ലധികം വിദ്യാർഥികൾ പങ്കെടുക്കും.

ഫുട്ബോൾ, ക്രിക്കറ്റ്, വോളീബോൾ, ബാസ്കറ്റ്ബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ചെസ്സ്, ത്രോബോൾ തുടങ്ങിയ ഇനങ്ങൾ ഉൾപ്പെട്ട ഇന്റർ കൊളീജിയേറ്റ് ഗെയിംസ് മീറ്റ് ജനുവരി 13 ന് കുസാറ്റിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ഓഡിറ്റോറിയത്തിൽ സമാപിക്കും.

COCHIN UNIVERSITY OF SCIENCE AND TECHNOLOGY

## കുസാറ്റിൽ സ്കൂൾ ശാസ്ത്രാധ്യാപകർക്ക് സെമിനാർ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി സ്കൂൾ ശാസ്ത്രാധ്യാപകർക്കായി 'ശാസ്ത്രാധ്യാപനത്തിലെ വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാലയും ചർച്ചയും സംഘടിപ്പിക്കുന്നു. ജനുവരി 18, ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 3 മണിവരെയാണ് ശിൽപ്പശാല. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് എന്ന നമ്പറിൽ ബന്ധപ്പെടുക 9188219863.



# കേരളത്തിൽ ആദ്യമായി സ്കിൻ ബാങ്ക് ഒരു മാസത്തിനകം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് ഒരു മാസത്തിനകം ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്കിൻ ബാങ്കിനാവശ്യമായ സജ്ജീകരണങ്ങൾ അന്തിമഘട്ടത്തിലാണ്. അവയവദാന പ്രക്രിയയിലൂടെ ത്വക്ക് ലഭ്യമാക്കാനായി കെ സോട്ടോയുടെ അനുമതി ആവശ്യമാണ്. കെ സോട്ടോയുടെ അനുമതി ഉടൻ ലഭ്യമാക്കി മറ്റ് നടപടിക്രമങ്ങൾ പാലിച്ച് ഒരു മാസത്തിനകം കമ്മീഷൻ ചെയ്യുന്നതാണ്. കോട്ടയം മെഡിക്കൽ കോളേജിൽ കൂടി സ്കിൻ ബാങ്ക് സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. സ്കിൻ ബാങ്ക് സ്ഥാപിക്കാനുള്ള സ്റ്റാന്റേർഡ് ഗൈഡ്ലൈൻ രൂപീകരിക്കാനും മന്ത്രി നിർദേശം നൽകി. ബേൺസ് യൂണിറ്റുകളെ ശക്തിപ്പെടുത്താനായി ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ശരീരത്തിലെ ഏറ്റവും വലിയ അവയവമായ ത്വക്ക് ശേഖരിച്ച് പ്രിസർവ് ചെയ്ത് വച്ച് ആവശ്യമുള്ള രോഗികൾക്ക് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുകയാണ് സ്കിൻ ബാങ്കിലൂടെ ചെയ്യുന്നത്. അപകടങ്ങളാലും പൊള്ളലേറ്റും ത്വക്കിന് കേടുപാട് സംഭവിച്ചവർക്ക് പകരം ത്വക്ക് വച്ച് പിടിപ്പിച്ചാൽ അണുബാധയുണ്ടാകാതെ ഒരുപാട് പേരുടെ ജീവൻ രക്ഷിക്കാനാകും. കൂടാതെ രോഗിയെ വൈരൂപ്യത്തിൽ നിന്നും രക്ഷിക്കാനുമാകും. മറ്റ് അവയവങ്ങൾ പോലെ ത്വക്ക് ദാനം ചെയ്യാനുള്ള അവബോധം ശക്തമാക്കണം.

പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ബേൺസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. പൊള്ളലേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രധാന മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റുകൾ സജ്ജമാക്കി. ആലപ്പുഴ, കണ്ണൂർ, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഈ സർക്കാരിന്റെ കാലത്താണ് പ്ലാസ്റ്റിക് സർജറി വിഭാഗം ആരംഭിച്ചത്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു. എറണാകുളം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ബേൺസ് യൂണിറ്റുകളുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൊല്ലം, ആലപ്പുഴ, കണ്ണൂർ മെഡിക്കൽ കോളേജുകളിൽ കൂടി ബേൺസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദേശം നൽകി. ബേൺസ് യൂണിറ്റുകൾ സ്റ്റാന്റേഡൈസ് ചെയ്യാനുള്ള പ്രൊപ്പോസൽ 15 ദിവസത്തിനകം വർക്കിംഗ് ഗ്രൂപ്പ് ചേർന്ന് സമർപ്പിക്കാൻ നിർദേശം നൽകി. ഏകീകൃത ചികിത്സാ പ്രോട്ടോകോൾ രൂപീകരിക്കും. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏകോപിപ്പിക്കാനുള്ള സംവിധാനമൊരുക്കാനും മന്ത്രി നിർദേശം നൽകി.

മെഡിക്കൽ കോളേജുകളിലെ ബേൺസ് ഐസിയുവിൽ സജ്ജമാക്കിയ തീവ്ര പരിചരണ സംവിധാനത്തിലൂടെ അണുബാധയേൽക്കുന്നത് പരമാവധി കുറയ്ക്കാനും എത്രയും വേഗം രോഗിക്ക് ആശ്വാസം ലഭിക്കാനും ജീവിതത്തിലേക്ക് മടക്കി കൊണ്ടു വരുവാനും സഹായിക്കുന്നു. 20 ശതമാനം മുതൽ പൊള്ളലേറ്റ രോഗികൾക്കുള്ള വിദഗ്ധ ചികിത്സയാണ് ഈ ബേൺസ് ഐസിയുവിലൂടെ നൽകുന്നത്.ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജോ. ഡയറക്ടർ, വിവിധ മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാർ, സൂപ്രണ്ടുമാർ, ബേൺസ് യൂണിറ്റ് നോഡൽ ഓഫീസർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# സീറോമലബാർസഭ വിശ്വാസ പരിശീലന പ്രതിഭാ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു

**കാക്കനാട്:** പ്രതിഭകൾ സഭയോടും സമൂഹത്തോടും പ്രതിബദ്ധതയുള്ളവരായിരിക്കണമെന്ന് മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. സീറോമലബാർസഭ വിശ്വാസ പരിശീലന കമ്മീഷൻ സംഘടിപ്പിച്ച പ്രതിഭാ സംഗമത്തിന്റെ സമാപന സമ്മേളനം സഭാആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവിധ രൂപതകളിൽ പ്ലസ് ടു ക്ലാസിൽ വിശ്വാസ പരിശീലനം നടത്തുന്ന വിദ്യാർത്ഥികളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 58 പ്രതിഭകളാണ് സംഗമത്തിൽ പങ്കെടുത്തത്. സഭ നൽകുന്ന അവസരങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തി സഭയുടെ സ്വപ്നങ്ങൾക്കും സമൂഹത്തിന്റെ നന്മകൾക്കും നിറം പകരുന്നവരാകണം പ്രതിഭകളെന്ന് മേജർ ആർച്ചുബിഷപ്പ് ഓർമ്മപ്പെടുത്തി.



ജെറാർഡ് ജോൺ പന്തപ്പിള്ളിൽ (താമരശ്ശേരി), ആൽബിൻ സിബിച്ചൻ പള്ളിച്ചിറ (തലശ്ശേരി), മാനുവൽ ജോസഫ് മഞ്ഞളി (രാമനാഥപുരം), നൈബിൻ എം ഷിജിൻ പുത്തൻപുര (പാലാ), സാം പന്തമാക്കൽ (ബെൽത്തങ്ങാടി), ട്രീസ ജെയിംസ് വട്ടപ്പാറ (ചങ്ങനാശേരി), റിമ ഷാജി വലിയകുന്നേൽ (ഇടുക്കി), ആൻമരിയ എസ് മംഗലത്തുകുന്നേൽ (കോതമംഗലം), സാന്ദ്ര ജോബി കോനുക്കുടി (എറണാകുളം), എയ്ഞ്ചൽ പി.ജെ പാലയൂർ (തൃശൂർ) എന്നിവരാണ് 2024 ലെ സീറോമലബാർ വിശ്വാസ പരിശീലന പ്രതിഭാ പുരസ്കാരത്തിന് അർഹരായവർ.

മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പ്രതിഭകളെ അഭിനന്ദിക്കുകയും അവാർഡുകൾ നൽകുകയും ചെയ്തു.

# മേഘസ്പർശം ടെലിമെഡിസിൻ കാമ്പയിന് ജില്ലയിൽ തുടക്കം

**കൊല്ലം:** വീടുകളിൽ കിടപ്പിലായ രോഗികൾക്കായി കൊല്ലം ജില്ലാ ഭരണകൂടം, ജില്ലാ പഞ്ചായത്ത്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ, ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'മേഘസ്പർശം' ഇ സഞ്ജീവനി ടെലിമെഡിസിൻ കാമ്പയിന് ജില്ലയിൽ തുടക്കമായി.

ജില്ലാ ആശുപത്രി കോൺഫറൻസ് ഹാളിൽ നടന്ന കാമ്പയിൻറെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഡോ. പി.കെ ഗോപൻ നിർവഹിച്ചു. കോർപ്പറേഷൻ ആരോഗ്യ സ്ഥിരസമിതി അധ്യക്ഷ യു. പവിത്ര അധ്യക്ഷത വഹിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ. അനിത പദ്ധതി വിശദീകരിച്ചു. കെജിഎംഒഎ ജില്ലാ ട്രഷറർ ഡോ. അനുരൂപ് ശങ്കർ, ഇ സഞ്ജീവനി നോഡൽ ഓഫീസർ ഡോ. കെ. ജീവൻ, പാലിയേറ്റീവ് കെയർ ജില്ലാ കോ ഓഡിനേറ്റർ ഡി.ടി. അനൂജ്, ജില്ലാ ആശുപത്രി സൂപ്രണ്ട് ഇൻ ചാർജ് ഡോ. ശ്രീകാന്ത് എന്നിവർ പ്രസംഗിച്ചു.

ദീർഘകാലമായി കിടപ്പിലായവരിൽ ഡോക്ടർമാരുടെ പരിചരണം ആവശ്യമുള്ളവരെ കണ്ടെത്തി ഇ സഞ്ജീവനി സംവിധാനത്തിലൂടെ അത് ലഭ്യമാക്കുകയാണ് കാമ്പയിൻ ലക്ഷ്യമിടുന്നത്. ജില്ലയിലെ 16 ആരോഗ്യ ബ്ലോക്കുകളിലും ഒരാഴ്ച ഒരു ബ്ലോക്ക് എന്ന രീതിയിലാണ് കാമ്പയിൻ നടത്തുക.

ഏപ്രിൽ 30 വരെയാണ് കാമ്പയിൻ. തുടർന്ന് ഡോക്ടർമാരുടെ പരിചരണം ആവശ്യമുള്ളവർക്ക് നിലവിലുള്ള ഇ സഞ്ജീവനി ടെലിമെഡിസിൻ സംവിധാനം വഴി സേവനം നൽകും.

# ഇ ഗവേണൻസിൽ വിപ്ലവകരമായ കുതിപ്പ്

**തിരുവനന്തപുരം:** ഇ ഗവേണൻസിൽ സമാനതകളില്ലാത്ത മുന്നേറ്റത്തിന് തുടക്കമിട്ട് തദ്ദേശസ്വയംഭരണ വകുപ്പ്, ത്രിതല പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കെസ്മാർട്ട് സോഫ്റ്റ് വെയർ ആപ്ലിക്കേഷന്റെ ഉദ്ഘാടനം കരകുളം പഞ്ചായത്തിൽ നടന്നു. കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു.ലേഖറാണി പഞ്ചായത്തിലെ കെസ്മാർട്ട് പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, കരകുളം പഞ്ചായത്ത്, എന്നിവിടങ്ങളിലാണ് കെ സ്മാർട്ടിന്റെ പൈലറ്റ് റൺ നടപ്പിലാക്കുന്നത്. ഏപ്രിൽ മുതൽ കെ സ്മാർട്ട് മറ്റ് ത്രിതല പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവനങ്ങൾ പൂർണമായും ഡിജിറ്റൽവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷനുമായി സഹകരിച്ചാണ് കെസ്മാർട്ട് സോഫ്റ്റ് വെയർ വികസിപ്പിച്ചത്. നഗരസഭകളിൽ കഴിഞ്ഞ വർഷം മുതൽ കെ സ്മാർട്ട് നടപ്പിലാക്കിയത് വിജയമായിരുന്നു,

സിവിൽ രജിസ്ട്രേഷൻ, പ്രോപ്പർട്ടി ടാക്സ്, പബ്ലിക് ഗ്രീവൻസ്, മീറ്റിംഗ് മാനേജ്മെന്റ്, ബിസിനസ് ഫെസിലിറ്റേഷൻ, വാടക/പാട്ടം, പ്രൊഫഷണൽ ടാക്സ്, പാരാമെഡിക്കൽ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, പെറ്റ് ലൈസൻസ്, പ്ലാൻ ഡെവലപ്മെന്റ്, സേവന പെൻഷൻ, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, കോൺഫിഗറേഷൻ മൊഡ്യൂൾ, നോ യുവർ ലാൻഡ്, മൊബൈൽ ആപ്പ് എന്നീ സേവനങ്ങളോടെയാണ് കെ സ്മാർട്ട് ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഐഎൽജിഎംഎസ് സംവിധാനമുള്ളതിനാൽ കെ സ്മാർട്ടിലേക്കുള്ള മാറ്റം എളുപ്പമാകും. പൊതുജനങ്ങൾക്ക് ഏളുപ്പത്തിൽ സേവനം നൽകുക എന്നതിനൊപ്പം, ജീവനക്കാരുടെ ജോലിഭാരം വൻതോതിൽ കുറയ്ക്കാനും കെ സ്മാർട്ടിന് കഴിയും.

ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുനിൽകുമാർ ടി.എ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

# 10 ലക്ഷത്തിനുമേൽ വായ്പ: ഈടിന്റെ മൂല്യനിർണയത്തിന് അഞ്ചംഗ സമിതി

**തിരുവനന്തപുരം:** 10 ലക്ഷത്തിനു മുകളിലുള്ള വായ്പയ്ക്ക് ഈടിന്റെ മൂല്യനിർണയത്തിന് അഞ്ചംഗ കമ്മിറ്റിയെ നിയോഗിക്കുന്നതുൾപ്പെടെ കർശന വ്യവസ്ഥകളുമായി സഹകരണ നിയമഭേദഗതി നിലവിൽ വന്നു. റിട്ട. ഡപ്യൂട്ടി തഹസിൽദാർ അല്ലെങ്കിൽ റിട്ട. സബ് റജിസ്ട്രാർ ഓഫിസർ ഉൾപ്പെടുന്ന കമ്മിറ്റിയാണ് മൂല്യനിർണയം നടത്തേണ്ടത്. ഈടുവയ്ക്കുന്ന വസ്തുവിൽ കെട്ടിടമുണ്ടെങ്കിൽ അതിന്റെ മൂല്യനിർണയത്തിന് മരാമത്തുവകുപ്പിൽ നിന്നോ തദ്ദേശവകുപ്പിൽ നിന്നോ വിരമിച്ച അസിസ്റ്റന്റ് എൻജിനീയറും മൂല്യനിർണയ കമ്മിറ്റിയിൽ ഉണ്ടാകണമെന്നാണ് വ്യവസ്ഥ. ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവും ഡയറക്ടർമാരുമാണ് മറ്റ് അംഗങ്ങൾ.




സഹകരണ ബാങ്കുകളുടെ തകർച്ചയ്ക്ക് മിക്കപ്പോഴും കാരണമാകുന്നത് ഈടുവയ്ക്കുന്ന വസ്തുവിന്റെ മൂല്യത്തെക്കാൾ പണം വായ്പയായി നൽകിയതുമൂലമാണെന്നു കണ്ടെത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ വ്യവസ്ഥ കർശനമാക്കിയത്. നിയമ വകുപ്പിലെ സ്പെഷൽ സെക്രട്ടറിയായിരിക്കും ഇനി സംസ്ഥാന സഹകരണ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ .

ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം നിർബന്ധമാക്കി. ക്ലറിക്കൽ നിയമനത്തിന് ക്ലാസ് 2 മുതൽ 7 വരെയുള്ള ബാങ്കുകൾക്ക് സ്ഥാനക്കയറ്റവും നിയമനവും തമ്മിലുള്ള അനുപാതം 1:4 എന്നത് 1:2 എന്നാക്കി. സബ്സ്റ്റാഫിന് ക്ലറിക്കൽ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം സഹകരണ പരീക്ഷാ ബോർഡ് നടത്തുന്ന യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും.

ഉദ്യോഗാർഥിയുടെ പൊലീസ് വെരിഫിക്കേഷനും നടത്തും. സഹകരണ മേഖലയ്ക്ക് പുതിയ ദിശാ ബോധം ലക്ഷ്യമിട്ടാണ് ചട്ട ഭേദഗതിയെന്ന് മന്ത്രി വി.എൻ.വാസവൻ വ്യക്തമാക്കി.

## ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്: 7 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** 2023, 24 അധ്യയന വർഷത്തിൽ സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി / ടി.എച്ച്.എസ്.എൽ.സി, പ്ലസ് ടു / വി.എച്ച്.എസ്.ഇ പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്നവർക്കും / ബിരുദ തലത്തിൽ 80 ശതമാനം മാർക്കോ / ബിരുദാനന്തര ബിരുദ തലത്തിൽ 75 ശതമാനം മാർക്കോ നേടുന്ന ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുമുള്ള പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് 202425' ജനസംഖ്യാനുപാതികമായി നൽകുന്നതിന് ജനുവരി 7 വരെ അപേക്ഷിക്കാം.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ(എല്ലാ വിഭാഗക്കാരും), സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. 202324 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി / ടി.എച്ച്.എസ്.എൽ.സി, പ്ലസ്ടു / വി.എച്ച്.എസ്.ഇ തലങ്ങളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്ക് 10,000 (പതിനായിരം രൂപ മാത്രം) രൂപയും, ബിരുദ തലത്തിൽ 80 ശതമാനം മാർക്കോ / ബിരുദാനന്തര ബിരുദ തലത്തിൽ 75 ശതമാനം മാർക്കോ നേടുന്ന വിദ്യാർത്ഥികൾക്ക് 15,000 (പതിനയ്യായിരം രൂപ മാത്രം) രൂപയുമാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ. വിഭാഗത്തെയും പരിഗണിക്കും. ന്യൂനപക്ഷ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ്. www.minortiywelfare.kerala.gov.in വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ വിദ്യാർഥി മുമ്പ് പഠിച്ചിരുന്ന സ്ഥാപന മേധാവിയ്ക്ക് സമർപ്പിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2300524, 04712302090.

## സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്: 10 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള സംസ്ഥാനത്തിലെ സർക്കാർ / സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപന്റ് (റിന്യൂവൽ) പുതുക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 10 വരെ ദീർഘിപ്പിച്ചു.

202324 സാമ്പത്തിക വർഷം സ്കോളർഷിപ്പ് ലഭിച്ചവർക്കാണ് റിന്യൂവലിന് അവസരം. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5,000 രൂപാ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6,000 രൂപാ വീതവും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000 രൂപാ വീതവും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപാ വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നത്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. ഠഠഠ.ാശിീൃശ്യേംലഹളമൃല.സലൃമഹമ.ഴീ.ശി വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ അപ്ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുളളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0471 2300524, 04712302090.

## താലൂക്ക്തല അദാലത്ത്: ലഭിച്ചത് 36,931 പരാതികൾ

**തിരുവനന്തപുരം:** പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ സംഘടിപ്പിച്ച താലൂക്ക് തല അദാലത്തുകളിൽ ചൊവ്വാഴ്ച വരെ 36,931 പരാതികൾ ലഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതിൽ 12,738 പരാതികൾ തീർപ്പാക്കി. 19,253 പരാതികളിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. പരിഹരിക്കാൻ കഴിയാത്തവയിൽ പകുതിയിലേറെ അദാലത്തിന്റെ പരിഗണനാ വിഷയങ്ങൾക്ക് പുറത്തുള്ളതും നിയമപ്രശ്നങ്ങൾ അടക്കമുള്ളതും അദാലത്തിന്റെ സമയപരിധിയിൽ തീർപ്പാക്കാൻ കഴിയാത്തതുമാണ്. പരാതികൾ പരിഹരിക്കാനുള്ള ശ്രമം കൂടുതൽ ശക്തമായി തുടരുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. 49 അദാലത്തുകൾ പൂർത്തിയായി. ഇനി 29 അദാലത്തുകളാണ് നടക്കാനുള്ളത്.



# കൊല്ലത്ത് ഉടൻ ഐടി പാർക് കൊണ്ടുവരും: കെ.എൻ.ബാലഗോപാൽ

**കൊല്ലം :** ഒരു ലക്ഷം ചതുരശ്രയടിയുള്ള ഐടി പാർക്ക് ഉടൻ കൊല്ലത്ത് കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ. അതിനായി കൊല്ലം കുരീപ്പുഴയിലേയും താമരക്കുളത്തെയും സ്ഥലങ്ങളുടെ പരിശോധന നടക്കുകയാണ്. കൊല്ലം കോർപറേഷൻ നിർമിച്ച കെഎംസി മാളിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മുൻപ് കൊല്ലത്ത് സജീവമായി ഉണ്ടായിരുന്ന പല വ്യവസായങ്ങളും ഇന്നില്ല. അതിനാൽ തന്നെ പകരം പുതിയ വ്യവസായങ്ങളും വാണിജ്യ സ്ഥാപനങ്ങളും വരേണ്ടതുണ്ട്. അതിന് ഏറ്റവും അനുയോജ്യമായ ഇടമാണ് കൊല്ലം.

വിഴിഞ്ഞം തുറമുഖത്തിന്റെ വരവോടെ വലിയ വികസന സാധ്യതകളാണ് കൊല്ലം ജില്ലയിലും ഉണ്ടാവാൻ പോകുന്നത്. കൊല്ലം ഉൾപ്പെടെയുള്ള ഈ വികസന മേഖലയ്ക്കായി 1000 കോടി രൂപയാണ് മാറ്റി വച്ചിരിക്കുന്നതെന്നും അതിനനുസരിച്ചു കൊല്ലം നഗരം സജ്ജമാകണമെന്നും മന്ത്രി പറഞ്ഞു. കൊല്ലം കോർപറേഷന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 46,582 ചതുരശ്രയടി വിസ്തീർണത്തിൽ 17.21 കോടി രൂപ ചെലവഴിച്ച് കെഎംസി മാൾ നിർമിച്ചത്. 1.25 കോടി രൂപ ചെലവഴിച്ച് ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ, 65 ലക്ഷം രൂപ ചെലവിൽ ഹൈടെക് അങ്കണവാടി, കമ്യൂണിറ്റി ഹാൾ, 75 ലക്ഷം രൂപ ചെലവിൽ ട്രാൻസ്ജെൻഡേഴ്സ് പരിശീലന കേന്ദ്രം എന്നിവയാണ് ഉദ്ഘാടനം ചെയ്തത്.

സംയുക്ത ഉദ്ഘാടന ചടങ്ങിൽ മന്ത്രി കെ.എൻ.ബാലഗോപാൽ കെഎംസി മാളും മന്ത്രി ജെ.ചിഞ്ചുറാണി ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററും എം.നൗഷാദ് എംഎൽഎ ഹൈടെക് അങ്കണവാടിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഗോപൻ ട്രാൻസ്ജെൻഡേഴ്സ് പരിശീലന കേന്ദ്രവും ഉദ്ഘാടനം ചെയ്തു. മേയർ പ്രസന്ന ഏണസ്റ്റ് അധ്യക്ഷത വഹിച്ചു.സുജിത്ത് വിജയൻപിള്ള എംഎൽഎ, കലക്ടർ എൻ.ദേവിദാസ്, ഡപ്യൂട്ടി മേയർ കൊല്ലം മധു, സിപിഎം ജില്ലാ സെക്രട്ടറി എസ്. സുദേവൻ, കോർപറേഷൻ സെക്രട്ടറി ഡി.സാജു എന്നിവർ പ്രസംഗിച്ചു.

# ക്ഷയരോഗ നിവാരണ ബോധവത്കരണവുമായി ടിബി സെന്റർ

**ആലപ്പുഴ:** ക്ഷയരോഗ നിവാരണം നൂറുദിന കർമപരിപാടിയുടെ ഭാഗമായി ജില്ലാ ടിബി സെന്ററിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജനറൽ ആശുപത്രിയിൽ ബോധവത്കരണം നടത്തി. ജില്ലാ ടിബി ഓഫീസർ ഡോ. ഷൈനില പരിപാടിക്ക് നേതൃത്വം നൽകി. ആശുപത്രി സൂപ്രണ്ട് ഡോ. ആർ. സന്ധ്യ, ഡോ. കെ. വേണുഗോപാൽ, ഡോ. ആഷ എം. എന്നിവർ പങ്കെടുത്തു. ആശുപത്രിയിൽ വിവിധ ചികിത്സകളുമായി ബന്ധപ്പെട്ട് എത്തിയവർക്ക് ക്ഷയരോഗ ലക്ഷണങ്ങളെക്കുറിച്ചും ആശുപത്രിയിൽ ലഭ്യമായ ചികിത്സയെക്കുറിച്ചും ബോധവത്കരണം നടത്തി.

നഖവും മുടിയും ഒഴികെ ശരീരത്തിന്റെ ഏതവയവങ്ങളെയും ബാധിക്കുന്ന ക്ഷയരോഗം പ്രധാനമായും ബാധിക്കുന്നത് ശ്വാസകോശങ്ങളെയാണ്. രണ്ടാഴ്ചയിലധികം നീണ്ടുനിൽക്കുന്ന ചുമ, ശരീരം ക്ഷീണിക്കൽ, ഭാരം കുറയുക, വിശപ്പില്ലായ്മ, രാത്രികാലങ്ങളിൽ ഉണ്ടാകുന്ന കുളിരോടു കൂടിയ പനി, രക്തം ചുമച്ച് തുപ്പുക, രക്തം കലർന്ന കഫം തുടങ്ങിയവ ക്ഷയരോഗത്തിന്റെ ലക്ഷണങ്ങളാണ്. ക്ഷയരോഗം വായുവിലൂടെ പകരുന്നതിനാൽ ക്ഷയരോഗം ബാധിച്ച ഒരാൾ തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും ലക്ഷക്കണക്കിന് ക്ഷയരോഗാണുക്കൾ അന്തരീക്ഷത്തിലെത്തിച്ചേരുന്നു. ഈ വായു ശ്വസിക്കാനിടവരുന്നവർ ക്ഷയരോഗാണു ബാധിതരാകുന്നു. രോഗാണുബാധിതരാകുന്നവരിൽ ഏതെങ്കിലും കാരണത്താൽ രോഗപ്രതിരോധശേഷി കുറയാനിടവന്നാൽ ക്ഷയരോഗാണുക്കൾ പെരുകുകയും അവർ ക്ഷയരോഗബാധിതരാകുകയും ചെയ്യും. പുകവലി, അമിതമദ്യപാനം, പ്രമേഹം, എച്ച്ഐവി, അണുബാധ, കിടപ്പുരോഗികൾ, ദീർഘകാലം ചികിത്സ എടുക്കുന്ന രോഗികൾ, കോവിഡ് വന്നവർ എന്നിവർക്ക് പ്രതിരോധശേഷി നഷ്ടപ്പെടാൻ സാധ്യത കൂടുതലാണ്.


ക്ഷയരോഗ പരിശോധനകളും ചികിത്സയും എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമാണ്. ക്ഷയരോഗബാധിതർക്ക് പ്രതിമാസം ആയിരം രൂപ വീതം വരുമാനപരിധിക്കനുസരിച്ച് ചികിത്സാ കാലയളവിൽ ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ജില്ലാ ടിബി സെന്റർ, കൊട്ടാരം ബിൽഡിങ്, ജനറൽ ആശുപത്രി പരിസരം, ആലപ്പുഴ. ഫോൺ: 04772252861

# ദീപ്തി ബ്രയിലി സാക്ഷരതാ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നാളെ

**കൊച്ചി:** ബ്രെയിൽ സാക്ഷരതാ ക്ലാസുകളുടെയും, അന്ധക്ഷേമ പക്ഷാചരണത്തിന്റെയും ജില്ലാതല ഉദ്ഘാടനം ജനുവരി 3 ന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് വനിതകൾക്കായി നടത്തുന്ന വൊക്കേഷണൽ പരിശീലന കേന്ദ്രത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവഹിക്കും.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്,സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ എ.ജി ഒലീന , പോത്താനിക്കാട് പഞ്ചായത്ത് പ്രസിഡന്റ് സജി കെ വർഗീസ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻമാരായ എം ജെ ജോമി, കെ. ജി ഡോണാ മാസ്റ്റർ, സ്ഥിരം സമിതി ചെയർപേഴ്സൺമാരായ ആശ സനിൽ, സനിത റഹീം, കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് ജില്ലാ പ്രസിഡന്റ് വി.കെ ശ്രീജിത്ത്, ഫെഡറേഷൻ സ്ഥാപക പ്രസിഡന്റ് വി എ ജോസ് തുടങ്ങിയ പങ്കെടുക്കും. സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ, ജില്ലാ പഞ്ചായത്തിന്റെയും, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് ടീച്ചേഴ്സ് ഫോറത്തിന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.പദ്ധതിക്കു മുന്നോടിയായി ബ്രെയിലി ലിപിയിൽ പ്രാവീണ്യമുള്ള അധ്യാപകരെ കണ്ടെത്തി പരിശീലനം നൽകി. പൈലറ്റ് പദ്ധതി എന്ന നിലയിൽ എറണാകുളം ജില്ലയിൽ നിലവിൽ 78 പഠിതാക്കളെ ആണ് കണ്ടെത്തിയിട്ടുള്ളത്. കാഴ്ച പരിമിതി നേരിടുന്നവർക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകി സാമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക, കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനും വളർത്തിയെടുക്കാനും അവസരം നൽകുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങി ലക്ഷ്യങ്ങളും പദ്ധതിക്ക് പിന്നിലുണ്ട്.

# ഹരിവരാസനം പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക്



**തിരുവനന്തപുരം:** സർവ്വമത സാഹോദര്യത്തിനും സമഭാവനക്കുമുള്ള സർഗാത്മക പ്രവർത്തനങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ശബരിമല ക്ഷേത്രവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നൽകുന്ന 2025 ലെ ഹരിവരാസനം പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിക്ക്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മകരവിളക്ക് ദിവസം ശബരിമല സന്നിധാനത്ത് വച്ച് പുരസ്കാരം സമ്മാനിക്കുമെന്ന് പി ആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ ദേവസ്വം മന്ത്രി വി എൻ വാസവൻ അറിയിച്ചു.

സംഗീതത്തിലെ ശബരിമലയേയും സ്വാമി അയ്യപ്പനേയും ജനമനസ്സുകളിൽ പ്രതിഷ്ഠിക്കാൻ നടത്തിയ പ്രവർത്തനങ്ങളും ഗാനരചയിതാവ്, സംഗീത സംവിധായകൻ, തിരക്കഥാകൃത്ത്, നടൻ തുടങ്ങിയ വിവിധ മേഖലകളിലെ സമഗ്ര സംഭാവനകളും കണക്കിലെടുത്താണ് കൈതപ്രത്തെ തിരഞ്ഞെടുത്തത്. റവന്യൂ (ദേവസ്വം) സ്പെഷ്യൽ സെക്രട്ടറി ശ്രീമതി അനുപമ റ്റി.വി., തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മിഷണർ പ്രകാശ്.സി.വി., സംഗീതജ്ഞ ഡോ.കെ.ഓമനക്കുട്ടി എന്നിവരടങ്ങുന്നതായിരുന്നു പുരസ്കാര നിർണയ സമിതി.

പൈതൃകത്തിലേയും അഴകിയ രാവണനിലേയും ഗാനരചനയ്ക്ക് സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ കൈതപ്രത്തിന് നാടക ഗാന രചനയ്ക്കും രണ്ടു തവണ സംസ്ഥാന സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1997ൽ കാരുണ്യം എന്ന ചിത്രത്തിലെ ഗാനങ്ങൾക്ക് മികച്ച സംഗീത സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നേടിയ അദ്ദേഹത്തിന് 2021 ൽ രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു.

# എഴുത്തുകാരുടെ സംഗമവേദിയാകാൻ നിയമസഭ പുസ്തകോത്സവം

**തിരുവനന്തപുരം:** സാഹിത്യ സീമകൾക്കതീതമായി പ്രമുഖ ദേശീയ അന്തർദേശീയ എഴുത്തുകാർ പുത്സകോത്സവത്തിൽ മുഖാമുഖത്തിനെത്തും. നിയമസഭയുടെ ആഭിമുഖ്യത്തിൽ ജനുവരി 7 മുതൽ 13 വരെ നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിലാണ് പുരസ്കാരജേതാക്കളുൾപ്പെടെയുള്ള നോവലിസ്റ്റുകളും കഥാകൃത്തുക്കളും സാഹിത്യ നിരൂപകരും പത്രപ്രവർത്തകരും അനുവാചകരോട് സംവദിക്കുക.

മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ എം മുകുന്ദനാണ് ആദ്യ ദിനത്തിൽ മീറ്റ് ദ ഓതർ സെഷന് തുടക്കമിടുന്നത്. തുടർന്നുള്ള ദിവസങ്ങളിൽ പി സായിനാഥ്, എൻ എസ് മാധവൻ, സാഹിത്യ നിരൂപകൻ കെ സി നാരായണൻ, ആർ രാജശ്രീ, സഹറു നുസൈബ കണ്ണനാരി, അംബികാസുതൻ മാങ്ങാട്, മുഹമ്മദ് അബ്ബാസ് തുടങ്ങിയവർ പങ്കെടുക്കും. മേഖലയിലുള്ള എൻ ഇ സുധീർ, സുനീത ബാലകൃഷ്ണൻ, ശ്രീകല മുല്ലശേരി, ഡോ എൻ നൗഫൽ, കെ എ ഷാജി, എസ് ആർ ലാൽ, എസ് ഹരീഷ്, മധു മാതൃഭൂമി എന്നിവരാണ് അഭിമുഖം ചെയ്യുന്നതും.

വായനയാണ് ലഹരി എന്ന പ്രമേയത്തിൽ ചിട്ടപ്പെടുത്തുന്ന പുസ്കോത്സവത്തിൽ 350 പുസ്തക പ്രകാശനങ്ങളും 60 ലധികം പുസ്തക ചർച്ചകളും നടക്കും. ടോക്ക്, ഡയലോഗ്, പാനൽ ചർച്ച, സ്മൃതിസന്ധ്യ, കവിയരങ്ങ്, കഥാപ്രസംഗം, കവിയും കവിതയും, കഥയരങ്ങ്, ഏകാംഗനാടകം, സിനിമയും ജീവിതവും തുടങ്ങി വിവിധ വിഭാഗങ്ങളിൽ 70ലധികം പരിപാടികൾക്ക് വേദിയാകും. ദിവസവും വൈകിട്ട് 7 മുതൽ വിവിധ മാധ്യമങ്ങളുടെ നേതൃത്വത്തിലുള്ള മെഗാ ഷോയുമുണ്ടാവും. പുസ്തകോത്സവത്തിൽ പങ്കെടുക്കുന്നതിനും നിയമസഭ കാണുന്നതിനും പൊതുജനങ്ങൾക്ക് അവസരമുണ്ട്.

# കായികക്ഷമതാ പരീക്ഷയും ശാരീരിക അളവെടുപ്പും

**ചേർത്തല:** പൊലീസ് വകുപ്പിൽ പൊലീസ് കോൺസ്റ്റബിൾ തസ്തികയുടെ (കാറ്റഗറി നമ്പർ 593 2023)(എപിബികെഎപികകക) പത്തനംതിട്ട ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷയും ജനുവരി 7,8,9,10,13,15 തീയതികളിൽ രാവിലെ 5.30 മുതൽ ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നതാണ്. ഉദ്യോഗാർഥികൾക്ക് എസ്എംഎസ് മുഖേനയും ഒറ്റിആർ പ്രൊഫൈൽ വഴിയും അറിയിപ്പ് നൽകിയിട്ടുണ്ട്. ഉദ്യോഗാർഥികൾ സ്വന്തം പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്ത അഡ്മിഷൻ ടിക്കറ്റ്, സാധുവായ തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം നിശ്ചിത സമയത്തു തന്നെ ഹാജരാകേണ്ടതാണ്. ഫോൺ: 0477 2264134.

# ഫിസിക്സ് അധ്യാപക ഒഴിവ്

**ആലപ്പുഴ:** പട്ടികജാതി വികസന വകുപ്പിലെ പുന്നപ്ര ഡോ.അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ (എംആർഎസ് പുന്നപ്ര) ഹയർസെക്കൻഡറി ഫിസിക്സ് അധ്യാപക താൽക്കാലിക നിയമത്തിന് 56 വയസ്സ് കവിയാത്ത വനിതകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് മുൻഗണന. യോഗ്യത രേഖകൾ സഹിതം സീനിയർ സൂപ്രണ്ട്, ഡോ.അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ പുന്നപ്ര, വാടക്കൽ പി ഒ 688003 ആലപ്പുഴ എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2025 ജനുവരി 7 ന് വൈകിട്ട് നാലുമണി വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 7902544637.




# ഇൻഫോപാർക്ക് മൂന്നാംഘട്ടം; ലാൻഡ് പൂളിംഗ് കരട് ഫെബ്രുവരിയിൽ

**കൊച്ചി:** ഇൻഫോ പാർക്ക് മൂന്നാം ഘട്ടത്തിനായി ലാൻഡ് പൂളിംഗ് സംവിധാനത്തിലൂടെ സ്ഥലം ഏറ്റെടുക്കലിനുള്ള കരട് പദ്ധതി ഫെബ്രുവരിയോടെ തയാറാക്കും. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി ചുമതലപ്പെടുത്തിയ പ്രത്യേക ടീം അംഗങ്ങളുമായി ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻ പിള്ള, ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ എന്നിവർ ചർച്ച നടത്തി. ഇൻഫോപാർക്ക് രണ്ടാംഘട്ട പദ്ധതി പ്രദേശത്തിന് സമീപത്തായി അനുയോജ്യമായ ഭൂമിയുണ്ടോയെന്നാണ് അന്വേഷിക്കുന്നത്.

ഇൻഫോപാർക്ക് വികസനത്തിനായി ലാൻഡ് പൂളിംഗ് നടപ്പിലാക്കുന്നതിനായി 2024 ഒക്ടോബറിലാണ് സർക്കാർ ഉത്തരവിലൂടെ ജിസിഡിഎയെ ചുമതലപ്പെടുത്തിയത്. സംസ്ഥാനത്ത് ആദ്യമായാണ് വലിയ പദ്ധതിക്കായി ലാൻഡ് പൂളിംഗ നടപ്പാക്കുന്നത്. വെള്ളപ്പൊക്ക പ്രളയസാധ്യത ഇല്ലാത്ത റോഡ് കണക്ടിവിറ്റിയുള്ള സ്ഥലമാണ് കണ്ടെത്തുന്നത്.

ആകെ ഭൂമിയുടെ 10 ശതമാനം വാട്ടർ കൺസർവേഷൻ സോണായി സംരക്ഷിക്കും. ഗതാഗത സൗകര്യത്തിനായി പ്രധാന ഇടനാഴിയിലൂടെ ട്രാം സൗകര്യവും ജലവഴികളിലൂടെ വാട്ടർ ടാക്സി സൗകര്യവും സജ്ജമാക്കും. കാൽനട, സൈക്കിൾ യാത്രികർക്ക് സൗഹൃദപരമായിരിക്കും റോഡുകൾ.

ഇൻഫോപാർക്ക് ഫേസ് 3 ൽ വിഭാവനം ചെയ്യുന്ന അത്യാധുനിക സൗകര്യങ്ങളെയും ആവശ്യകതകളെയും ഉൾപ്പെടുത്തിയാകും കരട് പദ്ധതി തയാറാക്കുക. ഓഫീസ് സ്പേസുകൾക്കായി ഐടി ടവറുകൾ, കോമേഷ്യൽ ഏരിയ, റിക്രിയേഷൻ ഏരിയ, റെസിഡൻഷ്യൽ യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്ന ഐടി സോൺ പ്രത്യേകമായി രൂപകല്പന ചെയ്യും. ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുന്ന ടൗൺ ഷിപ്പ് മാതൃകയിലാകും ഇൻഫോ പാർക്ക് ഫേസ് 3 സജ്ജമാക്കുക.



# അർത്തുങ്കൽ തുറമുഖ പദ്ധതി: പുരോഗതി വിലയിരുത്തി കേന്ദ്രമന്ത്രി ജോർജ് കുര്യൻ

**ചേർത്തല :** അർത്തുങ്കൽ തുറമുഖ പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള തടസങ്ങൾ മാറുന്നു. മൂന്നാം ഘട്ട നവീകരണത്തിന് കേന്ദ്ര സർക്കാർ തുക അനുവദിച്ചതിന് പിന്നാലെ നിർമാണ പുരോഗതി വിലയിരുത്തി കേന്ദ്ര ഫിഷറീസ് വകുപ്പ് സഹ മന്ത്രി ജോർജ് കുര്യനെത്തി. ഇന്നലെ രാവിലെയാണ് മന്ത്രി ഫിഷറീസ് ഹാർബർ സന്ദർശിച്ചത്. തുറമുഖ ത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് അവലോകന യോഗത്തിൽ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.മത്സ്യ തൊഴിലാളികളുമായി അദ്ദേഹം ആശയ വിനിമയം നടത്തി . പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ഭാഗത്തു നിന്നുള്ള നിർദ്ദേശങ്ങൾ കേൾക്കുന്നതിനായി ഹാർബറുമായി ബന്ധപ്പെട്ട ഉന്നതല ഉദ്യോഗസ്ഥ പ്രതിനിധികൾ തുറമുഖം സന്ദർശിക്കുമെന്നും മന്ത്രി പറഞ്ഞു. പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ ടോയിലറ്റ് ബ്ലോക്ക്, ഐസ് പ്ലാന്റ്, മുതലായവ സന്ദർശിച്ചു .കേന്ദ്ര സർക്കാർ ഫിഷറീസ് ഇൻഫ്രാ സ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 150.73 കോടി രൂപയുടെ നിർമാണത്തിന് അനുമതി നൽകിയതോടെയാണ് മുടങ്ങിക്കിടന്ന ഹാർബർ നിർമാണം പുനരാരംഭിക്കാൻ വഴി തെളിഞ്ഞത്.ഹാർബർ വിഭാഗം ചീഫ് എൻജിനീയർ എം.എ. മുഹമ്മദ് അൻസാരി, സൂപ്രണ്ടിങ് എൻജിനീയർ എം.ടി. രാജീവ്, നബാർഡ് ഡിഡിഎം പ്രേംകുമാർ, എക്സിക്യൂട്ടീവ് എൻജിനീയർ പി. എസ്.സ്വപ്ന, അർത്തുങ്കൽ ഹാർബർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എം. പി. സുനിൽ, ബിജെപി ജില്ലാ പ്രസിഡന്റ് എം.വി. ഗോപകുമാർ, ജില്ലാ ജനറൽ സെക്രട്ടറി വിമൽ രവീന്ദ്രൻ, കർഷക മോർച്ച ജില്ലാ പ്രസിഡന്റ് ശ്രീജിത്ത് വാസുദേവൻ, ജില്ലാ വൈസ് പ്രസിഡന്റ് പി. കെ. ബിനോയ്, നേതാക്കളായ കെ. കൃഷ്ണ കുമാർ, അഭിലാഷ് മാപ്പറമ്പിൽ, അരുൺ കെ. പണിക്കർ, രാഗിൻചന്ദ്, അനീഷ് കുറ്റിച്ചിറ, വി. ജി. മധുസൂദനൻ,ആർ. രൂപേഷ്, അലക്സാണ്ടർ, പി. പി. സത്യൻ എന്നിവരും ഒപ്പമുണ്ടായിരുന്നു.

# കൃഷി നശിച്ച പാടത്ത് വീണ്ടും വിത്ത് വിതച്ച് കർഷകർ

**പോർക്കുളം:** ഞാറു നടാനായി വിതച്ച പാടമെല്ലാം വെള്ളത്തിൽ മുങ്ങി ഞാറെല്ലാം നശിച്ചെങ്കിലും വെട്ടിക്കടവ് കോൾപ്പടവിലെ കർഷകർ തളർന്നില്ല. മറ്റു പാടശേഖരങ്ങളിൽ നിന്നു ഞാറു വാങ്ങിയും ബാക്കി പാടത്ത് വിത്തു വിതച്ചും കർഷകർ വീണ്ടും പുഞ്ചക്കൃഷിയിറക്കി. ഡിസംബർ ആദ്യവാരത്തിൽ പെയ്ത കനത്ത മഴയാണ് കർഷകരുടെ പ്രതീക്ഷകൾ തകർത്തത്. 315 ഏക്കറുള്ള പാടശേഖരത്തിൽ ഞാറിനായി വിതച്ച പാടമെല്ലാം വെള്ളത്തിൽ മുങ്ങുകയായിരുന്നു. പമ്പിങ് ഊർജിതമാക്കി വെള്ളം വറ്റിച്ചെങ്കിലും ഞാറെല്ലാം നശിച്ചു.

ഇതോടെ സമീപ പാടശേഖരങ്ങളിൽ നിന്നും ഞാറു വാങ്ങി പകുതിയോളം കർഷകർ കൃഷി ഇറക്കി. എന്നാൽ, ഞാറു കിട്ടാൻ വൈകിയതോടെ മറ്റു കർഷകർ മൂപ്പു കുറഞ്ഞ വിത്തു വിതയ്ക്കുകയായിരുന്നു. മനുരത്ന വിത്താണ് നൂറോളം ഏക്കറിൽ കർഷകർ കൃഷി ചെയ്യുന്നത്. കിലോയ്ക്ക് 45 രൂപയ്ക്കാണ് മനുരത്ന വിത്ത് കർഷകർ വാങ്ങിയത്. കൃഷി ആരംഭത്തിൽ തന്നെ വൻ ചെലവ് വന്നെങ്കിലും വെള്ളം സുലഭമായി ലഭിച്ചാൽ മികച്ച വിളവു കിട്ടുമെന്ന പ്രതീക്ഷയിലാണ് കർഷകർ.

# എൻഎച്ച് 183: ചെങ്ങന്നൂർ കോട്ടയം നാലുവരിപ്പാതയാകുന്നു

**ആലപ്പുഴ:** കൊല്ലം തേനി ദേശീയപാത 183ൽ ചെങ്ങന്നൂർ കോട്ടയം ഭാഗവും നാലുവരിപ്പാതയാകുന്നു. ചെങ്ങന്നൂർ ആഞ്ഞിലിമൂട് മുതൽ കോട്ടയം ഐഡ ജംക്ഷൻ വരെയുള്ള എംസി റോഡിന്റെ ഭാഗമാണ് 24 മീറ്ററിൽ നാലുവരിപ്പാതയാക്കുന്നത്. ഇതിനു തത്വത്തിൽ തീരുമാനമായെന്നു കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു. ഇപ്പോൾ 16 മീറ്ററാണു വീതി. സർവേ ഘട്ടത്തിൽ ഉയർന്ന വാഹന ഗതാഗതം രേഖപ്പെടുത്തിയാൽ ഒരുപക്ഷേ 30 മീറ്റർ വീതിയിൽ വികസിപ്പിക്കാനും സാധ്യതയുണ്ട്.

കൊല്ലം കടവൂർ മുതൽ ചെങ്ങന്നൂർ ആഞ്ഞിലിമൂട് വരെ നിലവിലുള്ള പാത നാലുവരിയായി വികസിപ്പിക്കാൻ നേരത്തെ കൊല്ലത്തു ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ചെങ്ങന്നൂർ കോട്ടയം ഭാഗം നാലുവരിപ്പാതയാക്കുന്നതിന്റെ വിശദ പദ്ധതിരേഖ തയാറാക്കാൻ ഏജൻസിയെ ക്ഷണിച്ച് വിജ്ഞാപനം ഉടനുണ്ടാകും.

ഈ ഭാഗത്തെ റോഡ് നവീകരണം ഉൾപ്പെടെ പ്രവർത്തനങ്ങൾക്കായി 36 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിരുന്നു. പണികൾ നടക്കുന്നുണ്ട്.24 മീറ്റർ വീതിയിലുള്ള റോഡിൽ നാലുവരിപ്പാത, ഡിവൈഡർ, നടപ്പാത, യൂട്ടിലിറ്റി ഡക്റ്റ് എന്നിവയുണ്ടാകും. റോഡ് വികസനത്തിനായി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിക്കു നിയമപ്രകാരമുള്ള ഏറ്റവും ഉയർന്ന നഷ്ടപരിഹാരം തന്നെ ലഭ്യമാക്കുമെന്നും എംപി പറഞ്ഞു.

# പട്ടാമ്പിയിൽ പുതിയ പാലത്തിനു കരാറായി; നിർമാണം ഉടൻ തുടങ്ങും

**ഷൊർണൂർ:** പട്ടാമ്പിയിൽ പുതിയ പാലത്തിൻറെ കരാർ നടപടികൾ പൂർത്തീകരിച്ചു. പാലത്തിൻറെ നിർമാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നേരത്തേ ലഭിച്ചിരുന്നു.

ഭാരതപ്പുഴക്കു കുറുകെ പട്ടാമ്പി മണ്ഡലത്തെയും തൃത്താല മണ്ഡലത്തെയും ബന്ധിപ്പിക്കുന്നതാണ് പാലം. 52.57 കോടി രൂപയാണ് പാലം നിർമാണത്തിന് ലഭിച്ചിട്ടുള്ളത്.

അനുബന്ധ റോഡുൾപ്പെടെ 750 മീറ്റർ നീളത്തിലും 13.5 മീറ്റർ വീതിയിലുമാണ് പാലം നിർമിക്കുന്നത്. പുതിയ പാലത്തിൻറെ നിർമാണത്തിനുള്ള കരാർ ലഭിച്ചിരിക്കുന്നത് എആർഎസ് ജാസ്മിൻ കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കാണ്. 24 മാസത്തെ കാലാവധിക്കുള്ളിൽ നിർമാണം പൂർത്തീകരിക്കും. മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് നിർമാണോദ്ഘാടനം നടത്തുമെന്ന് മുഹമ്മദ് മുഹ്സിൻ എംഎൽഎ പറഞ്ഞു. പട്ടാമ്പി പാലം നിർമാണത്തിൻറെ ഭാഗമായി സ്ഥലം നഷ്ടമാകുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകുമെന്നും എംഎൽഎ അറിയിച്ചു.

കഴിഞ്ഞ രണ്ട് പ്രളയത്തിൻറെ ഭാഗമായി പദ്ധതിയുടെ അപ്രൂവ് ചെയ്ത രൂപരേഖയിലടക്കം മാറ്റങ്ങൾ വരുത്തേണ്ടി വന്നിരുന്നു. പാലത്തിൻറെ കിഴക്കുവശത്തുകൂടെ റെയിൽവേ ലൈൻ പോകുന്നത് കൊണ്ടുതന്നെ ഒരുപരിധിയിലധികം ഉയരത്തിൽ പാലം നിർമാണം സാധ്യവുമായിരുന്നില്ല. രൂപരേഖയിൽ നിരവധിതവണ മാറ്റങ്ങൾ വരുത്തേണ്ടി വന്നിരുന്നു. നിലവിൽ തൃശൂർ, മലപ്പുറം ജില്ലകളുടെ കവാടമായ പട്ടാമ്പിയിൽ കുപ്പിക്കഴുത്തായാണ് പട്ടാമ്പിപാലം നിൽക്കുന്നത്. 2018, 2019, 2024 വർഷങ്ങളിൽ പട്ടാമ്പി പാലം കവിഞ്ഞ് പുഴയൊഴുകിയിരുന്നു.

ഇതോടെ, ദിവസങ്ങളോളം പാലം അടച്ചിടേണ്ടിവന്നു. യാത്രക്കാർക്ക് പട്ടാമ്പി കടക്കാൻ ഷൊർണൂർ, തൃത്താല വഴി ചുറ്റിത്തിരിഞ്ഞ് പോകേണ്ടിവന്നിരുന്നു. പുതിയ പാലം വന്നാൽ പട്ടാമ്പിയിലെ ഗതാഗതക്കുരുക്കിനും പരിഹാരമാകും.

# ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നേഴ്സിങ്ങ് അവാർഡ് അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ, ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നേഴ്സിങ്ങ് അവാർഡിന്റെ നാലാം പതിപ്പ് പ്രഖ്യാപിച്ചു. ലോകമെമ്പാടുമുള്ള രജിസ്റ്റേഡ് നേഴ്സുമാർക്ക് 250,000 ഡോളർ സമ്മാനത്തുകയുള്ള അവാർഡിന് അപേക്ഷിക്കാം. വൈവിധ്യമാർന്ന മെഡിക്കൽ മേഖലകളിലെ നഴ്സുമാരുടെ അർപ്പണബോധവും സ്വാധീനവും അംഗീകരിക്കുകയും, ആരാഗ്യപരിപാലന രംഗത്തിന് അവർ നൽകിയ അതുല്ല്യമായ സംഭാവനകളെ ആദരിക്കുകയും ചെയ്യുന്നതാണ് ഈ ആഗോള പുരസ്ക്കാരം. രജിസ്റ്റർ ചെയ്ത നഴ്സുമാർക്ക് അവരുടെ അപേക്ഷകൾ www.asterguardians.com വഴി സമർപ്പിക്കാം, രോഗീ പരിചരണം, നഴ്സിങ്ങ് നേതൃപാഠവം, നഴ്സിങ്ങ് വിദ്യാഭ്യാസം, സാമൂഹ്യ സേവനം (കമ്യൂണിറ്റി സർവീസ്), നുതനമായ ആശയങ്ങളിലെ ഗവേഷണം എന്നിവയിൽ നടത്തിയ മികച്ച പ്രവർത്തനങ്ങൾ നേഴ്സുമാർക്ക് അപേക്ഷയിൽ വിശദീകരിക്കാം. ഒരു പ്രൈമറി മേഖലയിലും, രണ്ട് സെക്കണ്ടറി മേഖലകളിലും നടത്തിയ പ്രയത്നങ്ങൾ നേഴ്സുമാർക്ക് പ്രതിപാദിക്കാം. ലഭിച്ച എല്ലാ അപേക്ഷകളും ഒരു സ്വതന്ത്ര ജൂറിയുടെയും ഒരു ബാഹ്യ ഉപദേശക സ്ഥാപനമായ ഏണസ്റ്റ് & യംഗ് എൽഎൽപി യും നേതൃത്വം നൽകുന്ന കർശനമായ അവലോകന പ്രക്രിയയ്ക്ക് വിധേയമാക്കും. ഒരു സ്വതന്ത്ര പാനൽ അടങ്ങുന്ന ഗ്രാൻഡ് ജൂറി അതിൽ നിന്നും മികച്ച 10 പേരെ തിരഞ്ഞെടുത്ത് ഷോർട്ട് ലിസ്റ്റ് ചെയ്യുകയും അന്താരാഷ്ട്ര നഴ്സസ് ദിനത്തോടനുബന്ധിച്ച് 2025 മെയ് മാസം അന്തിമ വിജയിയെ പ്രഖ്യാപിക്കുകയും ചെയ്യുമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും, മാനേജിങ്ങ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

# ഓൺലൈൻ ജപ്പാൻ ഭാഷാ പഠന ക്ലാസുകൾ ജനുവരി 20ന് തുടങ്ങും

**കൊച്ചി:** എ എസ് എ കേരളയുടെ നിപ്പോൺ കേരള സെന്ററിൽ ജനുവരി 20ന് ഓൺലൈൻ ജപ്പാൻ ഭാഷാ ക്ലാസുകൾ ആരംഭിക്കുന്നു. തിങ്കൾ, ബുധൻ ദിവസങ്ങളിൽ വൈകിട്ട് ആറുമുതൽ എട്ടു വരെ ഓൺലൈനായാണ് ബേസിക് കോഴ്സുകൾ നടക്കുക.

ഇന്റർമീഡിയറ്റ് ക്ലാസുകൾ ചൊവ്വ, വ്യാഴം ദിവസങ്ങളിലും നടക്കും.അഞ്ച് മാസത്തിനകം 100 മണിക്കൂർ കോഴ്സിൽ പങ്കെടുക്കാൻ പ്രായപരിധിയില്ല.ജപ്പാനിൽ പരിശീലനം നേടിയ സൊസൈറ്റി അംഗങ്ങളാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ജാപ്പനീസ് സംഭാഷണം, എഴുത്ത്, വായന എന്നിവയിലാണ് പരിശീലനം നൽകുന്നത്. ജപ്പാനിൽ രൂപപ്പെടുത്തിയ നവീനാധ്യാപന രീതിയും ഓഡിയോ പഠന സഹായികളുമാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ബന്ധപ്പെട്ട അധികൃതർ അറിയിച്ചു.ജപ്പാനിൽ വിദഗ്ധ പരിശീലനം നേടിയ എൻജിനിയർമാർ, മാനേജർമാർ, ചെറുകിട ഇടത്തരം വ്യവസായികൾ എന്നിവരുടെ സന്നദ്ധ സേവന സംഘടനയാണ് എ എസ് എ കേരള. ഈ സ്ഥാപനത്തിന്റെ പരിശീലന കേന്ദ്രമാണ് നിപ്പോൺ കേരള സെന്റർ. 1989 മുതൽ ജാപ്പനീസ് ഭാഷാ ക്ലാസുകൾ വർഷം തോറും നടത്തി വരുന്നു. റജിസ്ട്രേഷന് asanipponkerala@gmail.com, 7558081097.

# വർമ്മ സ്കിൽബ്രിഡ്ജിന് ജനുവരി 4ന് കൊച്ചിയിൽ തുടക്കം കുറിക്കും

**കൊച്ചി:** സിവിൽ എഞ്ചിനീയറിംഗ് മേഖലയിൽ ഉള്ളവർക്കായി വർമ്മ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന സ്കിൽബ്രിഡ്ജ്, സ്കിൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം, ജനുവരി നാലിന് 3 മണിക്ക് കൊച്ചി പനമ്പിള്ളി നഗറിലുള്ള കെഎംഎ ഹൗസിൽ എംപി ഹൈബി ഈഡൻ നിർവ്വഹിക്കും.

ആർക്കിടെക്ട് പ്രൊഫസർ ബി. ആർ അജിത് ചടങ്ങിൽ മുഖ്യാതിഥി ആയിരിക്കും.എഞ്ചിനീയറിംഗ്, ഐടിഐ, ഡിപ്ലോമ കഴിഞ്ഞ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതീയുവാക്കൾക്ക് കൺസ്ട്രക്ഷൻ മേഖലയിൽ ആവശ്യമായ ജോലിപരിചയം ഉറപ്പേകുന്ന ഈ പദ്ധതി തികച്ചും സൗജന്യമായാണ് നടപ്പാക്കുന്നതെന്ന് വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ അറിയിച്ചു. ആറുമാസം നീണ്ടു നിൽക്കുന്ന ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. ഈ തൊഴിൽ പരിചയം പ്രമുഖ സ്ഥാപനങ്ങളിൽ ജോലി നേടാൻ സഹായകരമായിരിക്കുമെന്നും ഡോ. മിനി വർമ്മ വ്യക്തമാക്കി.

# ആന്തം ബയോസയൻസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഔഷധ ഗവേഷണ, വികസന, ഉത്പാദന രംഗത്ത് പ്രവർത്തിക്കുന്ന ബെംഗളൂരു ആസ്ഥാനമായുള്ള കമ്പനി ആന്തം ബയോസയൻസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 3395 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 3395 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെപി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



# പുതുവർഷത്തിൽ കുതിപ്പോടെ കൊച്ചി മെട്രോ ; യാത്ര ചെയ്തത് 1.30 ലക്ഷം പേർ

**കൊച്ചി:** ഡിസംബർ 31 മുതൽ പുതുവർഷ പുലർച്ചെ വരെ കൊച്ചി മെട്രോയിൽ യാത്രചെയ്തവരുടെ എണ്ണം 1.30 ലക്ഷം കടന്നു. ഡിസംബർ മാസത്തിൽ മാത്രം 32,35,027 പേർ യാത്ര ചെയ്തതോടെ പ്രതിമാസ യാത്രക്കാരുടെ എണ്ണത്തിൽ റെക്കോർഡ് വർധന നേടി. ഡിസംബറിൽ യാത്രാടിക്കറ്റ് ഇനത്തിൽ 10.15 കോടി രൂപ വരുമാനം നേടി മറ്റൊരു നേട്ടവും മെട്രോ കൈവരിച്ചു. മുൻവർഷം ഡിസംബറിലെ യാത്രക്കാരുടെ ആകെ എണ്ണം 29,59,685 ഉം വരുമാനം 9, 24, 69, 402 ഉം ആയിരുന്നു.ജൂലൈ മുതൽ പ്രതിദിനം ഒരു ലക്ഷത്തിലേറെ യാത്രക്കാരെ നേടുന്ന മെട്രോ കഴിഞ്ഞ രണ്ടുവർഷമായി തുടർച്ചയായി പ്രവർത്തന ലാഭവും ഉണ്ടാക്കി. 2023 സാമ്പത്തിക വർഷം 5.35 കോടിയായിരുന്ന പ്രവർത്തന ലാഭം 2024 സാമ്പത്തിക വർഷം 22.94 കോടി രൂപയായാണ് വർധിച്ചത്. പ്രതിദിന യാത്രക്കാരുടെ എണ്ണം 1.5 ലക്ഷത്തിലെത്തിക്കാനാണ് 2025 ൽ ലക്ഷ്യമിടുന്നതെന്ന് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ പറഞ്ഞു. 'കഴിഞ്ഞവർഷം പ്രതിദിനം ഒരു ലക്ഷം യാത്രക്കാരെയാണ് ലക്ഷ്യമിട്ടിരുന്നത്. കൂട്ടായ പരിശ്രമത്തിലൂടെ അത് നേടി. നിരക്കുകളുടെ യുക്തിസഹമായ ഏകീകരണം, വിദ്യാർത്ഥികൾക്ക് നൽകിയ നിരക്കിളവ്, സോഷ്യൽ മീഡിയ വഴിയുള്ള പ്രചരണം, കൃത്യതയാർന്ന സർവീസ്, വൃത്തി, ശുചിത്വം, ജീവനക്കാരുടെ മികച്ച പെരുമാറ്റം, യാത്രക്കാരുടെ സഹകരണം തുടങ്ങിയ നിരവധി ഘടകങ്ങൾ ഈ നേട്ടം കൈവരിക്കുന്നതിന് സഹായിച്ചുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ടിക്കറ്റിംഗിനായി ഏറ്റവും കൂടുതൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കുന്ന രാജ്യത്തെ ഏക മെട്രോയാണിതെന്നും ഈ വർഷം ടിക്കറ്റിംഗ് സമ്പ്രദായം സമ്പൂർണമായും ഡിജിറ്റലൈസ് ചെയ്യാനാണ് പരിശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഇതിലൂടെ കൂടുതൽ യുവാക്കളെ ആകർഷിക്കുകയാണ് ലക്ഷ്യം.ലാസ്റ്റ്മൈൽ, ഫസ്റ്റ്മൈൽ കണക്ടിവിറ്റി കൂട്ടി പ്രതിദിന യാത്രക്കാരെ കൂടുതൽ ആകർഷിക്കാനായി 15 ഇലക്ട്രിക് ബസുകളുടെ സർവീസ് ഉടനെ ആരംഭിക്കും. വിവിധ റൂട്ടുകളിൽ പരീക്ഷണ ഓട്ടം പൂർത്തിയാക്കിയാലുടൻ മെട്രോ സ്റ്റേഷനുകളെയും വാട്ടർ മെട്രോ സ്റ്റേഷനുകളെയും ബന്ധിപ്പിച്ച് ഇ ബസ് സർവീസ് ആരംഭിക്കും.

## കൊച്ചി വാട്ടർ മെട്രോയിൽ ഇതുവരെ യാത്ര ചെയ്തത് 35 ലക്ഷം പേർ

കൊച്ചി വാട്ടർ മെട്രോയിൽ ഇതേവരെ 35 ലക്ഷത്തോളം പേർ യാത്ര ചെയ്തു. വാട്ടർ മെട്രോയുടെ വിജയകരമായ നടത്തിപ്പിനെ തുടർന്ന് ഇന്ത്യയിലെ 18 സ്ഥലങ്ങളിൽ വാട്ടർ മെട്രോ ആരംഭിക്കാനുള്ള പഠനം നടത്തുന്നതിനുള്ള സാധ്യത കേന്ദ്ര സർക്കാർ തേടിയിരുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളിലാണ് വാട്ടർ മെട്രോ. അഹമ്മദാബാദ്സബർമതി. സൂറത്ത്, മംഗലാപുരം, അയോധ്യ, ധുബ്രി, ഗോവ, ഗോഹത്തി, കൊച്ചി, കൊല്ലം, കൊൽക്കത്ത, പാട്ന, പ്രയാഗ്‌രാജ്, ശ്രീനഗർ, വാരണാസി, മുംബൈ, വാസായ്, ലക്ഷദ്വീപ്, ആന്തമാൻ എന്നിവിടങ്ങളിലാണ് വാട്ടർ മെട്രോയ്ക്കുള്ള സാധ്യത പരിഗണിക്കുന്നത്. എറണാകുളം, മട്ടാഞ്ചേരി വാട്ടർ മെട്രോ ടെർമിനലുകൾ ഈ വർഷം പൂർത്തിയാക്കുമെന്നും ലോക്നാഥ് ബഹ്റ പറഞ്ഞു. ഈ വർഷം 15 ബോട്ടുകൾക്കുള്ള ഓർഡർ കൂടി നൽകും.ഇൻഫോ പാർക്കിലേക്കുള്ള പുതിയ മെട്രോ പാതയുടെ നിർമാണം പുരോഗമിക്കുകയാണ്. മൂന്നാം ഘട്ടമായി അങ്കമാലിയിലേക്ക് മെട്രോ സേവനം വ്യാപിപ്പിക്കാനുള്ള പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട്തയ്യാറാക്കാനുള്ള കേന്ദ്ര അനുമതി ഈയിടെ ലഭിച്ചിരുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കേണ്ട ഫണ്ട് തടസമില്ലാതെ ലഭിക്കുന്നത് പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് അത്യാവശ്യമാണ്. വിദേശ വായ്പ മാർച്ചിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും അത് മെയ് എങ്കിലും ആകും. പുതിയ വർഷം കൊച്ചി മെട്രോയ്ക്ക് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# ഡിസംബറിൽ നേട്ടം കൊയ്ത് എം&എം, എംജി

**ന്യൂഡൽഹി:** ഡിസംബർ മാസം വാഹന വിൽപ്പനയിൽ നേട്ടം കൊയ്ത് മഹീന്ദ്ര ആൻഡ് മഹീന്ദ്രയും ജെഎസ്ഡബ്ല്യു എംജിയും. ബജാജ് ഓട്ടോയുടെ വിൽപ്പനയിൽ ഇടിവ്.

മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ മൊത്തം ഓട്ടോമോട്ടീവ് വിൽപ്പന 16 ശതമാനം വർധിച്ച് ഡിസംബറിൽ 69,768 യൂണിറ്റിലെത്തി. യൂട്ടിലിറ്റി വാഹന വിഭാഗത്തിൽ 18 ശതമാനം വർധനയോടെ 41,424 വാഹനങ്ങളുടെ ആഭ്യന്തര വിൽപ്പന കമ്പനി കൈവരിച്ചു. കയറ്റുമതി ഉൾപ്പെടെ മൊത്തം വിൽപ്പന 42,958 വാഹനങ്ങളിൽ എത്തിയപ്പോൾ വാണിജ്യ വാഹന ആഭ്യന്തര വിൽപ്പന 19,502 യൂണിറ്റിലെത്തി.

കമ്പനിയുടെ പാസഞ്ചർ വാഹന വിഭാഗം മൊത്തം കയറ്റുമതിയിൽ 22 ശതമാനം വർധന രേഖപ്പെടുത്തി, 2025 സാമ്പത്തിക വർഷത്തിൽ 402,360 യൂണിറ്റിലെത്തി.

അതേസമയം, കാർഷിക ഉപകരണ മേഖലയിലെ ആഭ്യന്തര വിൽപ്പന 2023 ഡിസംബറിലെ 18,028 യൂണിറ്റിൽ നിന്ന് 2024 ഡിസംബറിൽ 22,019 യൂണിറ്റിലെത്തി.

ആഭ്യന്തരവും കയറ്റുമതിയും ഉൾപ്പെടെ കമ്പനിയുടെ മൊത്തം ട്രാക്ടർ വിൽപ്പന 2024 ഡിസംബറിൽ 22,943 യൂണിറ്റിലെത്തി. മുൻവർഷം ഡിസംബറിൽ 19,138 യൂണിറ്റുകളാണ് വിറ്റത്.. ഈ മാസത്തെ കയറ്റുമതി കണക്കുകൾ 924 യൂണിറ്റുകളാണ്.

ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ 2024 ഡിസംബറിൽ വാഹന വിൽപ്പന മുൻ വർഷത്തെ അപേക്ഷിച്ച് 55 ശതമാനം വർധിച്ച് 7,516 യൂണിറ്റുകളായി. ഈ ഡിസംബറിലാണ് കമ്പനി എക്കാലത്തെയും ഉയർന്ന ഇവി വിൽപ്പന രേഖപ്പെടുത്തിയത്. എൻഇവി (ന്യൂ എനർജി വെഹിക്കിൾ) വിൽപ്പന മൊത്തം വിൽപ്പനയുടെ 70 ശതമാനം ഉയർന്നു. ഇതിൽ വിൻഡ്സർ മാത്രം 3,785 യൂണിറ്റുകളാണ് വിറ്റുപോയത്. ജഐഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ പ്രസ്താവനയിൽ പറഞ്ഞു.

2024 ഡിസംബറിൽ ബജാജ് ഓട്ടോയുടെ വാഹനങ്ങളുടെ വിൽപ്പന 2023 ഡിസംബറിലെ വിൽപ്പനയെക്കാൾ ഒരു ശതമാനത്തിൻറെ ഇടിവുണ്ടായതായി കമ്പനി വ്യക്തമാക്കി. 2024 ഡിസംബറിൽ 3,23,125 യൂണിറ്റാണ് വിറ്റത്. 2023 ഡിസംബറിൽ കമ്പനി മൊത്തം 3,26,806 യൂണിറ്റുകളാണ് വിറ്റഴിച്ചത്.

# വിഷൻസ്പ്രിംഗ് ഫൗണ്ടേഷനും ഉപാസിയും കൈകോർക്കുന്നു

**കൊച്ചി:** വിഷൻസ്പ്രിംഗ് ഫൗണ്ടേഷൻ ലൈവ്‌ലിഹുഡ്സ് ഇൻ ഫോക്കസ് പദ്ധതിയുടെ ഭാഗമായി യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സതേൺ ഇന്ത്യയുമായി (ഉപാസി) സഹകരിച്ച് 2028ഓടെ കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ 2,00,000ലധികം തേയില കാപ്പി കർഷക തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും കാഴ്ച പരിശോധനയും ചികിത്സയും കണ്ണടയും ലഭ്യമാക്കും. ലൈവ്‌ലിഹുഡ്സ് ഇൻ ഫോക്കസ് പദ്ധതി വഴി തേയില, കൊക്കോ, കാപ്പി, കരകൗശല മേഖലകളിൽ തൊഴിലെടുക്കുന്ന കർഷക തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയും വരുമാന സാധ്യതയും വർധിപ്പിക്കുന്നതിനാണ് ഈ കാഴ്ചാ പരിശോധനാ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് വിഷൻസ്പ്രിംഗ് ഫൗണ്ടേഷൻ എംഡി. അൻഷു തനേജ പറഞ്ഞു.കണ്ണട നൽകുന്നതിലൂടെ തമിഴ്നാട്, കർണാടക, കേരളം എന്നിവിടങ്ങളിലെ കർഷകത്തൊഴിലാളികൾക്ക് വരുമാനത്തിൽ 323 കോടി രൂപയുടെ വർധനയ്ക്ക് സാധ്യതയുണ്ട്. തോട്ടം തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കുന്ന സൗജന്യ ക്ഷേമ, മെഡിക്കൽ സഹായങ്ങൾക്ക് പുറമെയാണ് ഈ നേത്ര പരിശോധനാ കണ്ണട വിതരണ പദ്ധതിയെന്ന് ഉപാസി സെക്രട്ടറി ജനറൽ സഞ്ജിത് നായർ പറഞ്ഞു.



## ഗാർഡിയൻ ഏയ്ഞ്ചൽ ഹോം കെയർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** പ്രായമായവർക്കും, രോഗികൾക്കും, ലോകോത്തര നിലവാരത്തിലുള്ള പരിചരണം, സ്വന്തം വീടുകളിൽ തന്നെ ലഭ്യമാക്കുന്ന ഗാർഡിയൻ ഏയ്ഞ്ചൽ ഹോം കെയർ, തൊടുപുഴയിൽ പ്രവർത്തനം ആരംഭിച്ചു. പി ജെ. ജോസഫ് എം. എൽ.എ ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ ബിന്ദു പത്മകുമാർ, തൊടുപുഴ വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡണ്ട് രാജു തരണിയിൽ തുടങ്ങിയവർ സംസാരിച്ചു.

കെയർഗിവിങ്ങ്, നഴ്സിംങ്ങ് കെയർ, ഫിസിയോതെറാപ്പി, ഡയഗ്നോസ്റ്റിക്സ് എന്നീ മേഖലകളിലുള്ള സർവ്വീസുകളാണ് ഗാർഡിയൻ ഏയ്ഞ്ചൽ വീടുകളിൽ ലഭ്യമാക്കുന്നത്.എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗാർഡിയൻ എയ്ഞ്ചൽ ഹോം കെയർ ഇതിനോടകം തന്നെ കൊച്ചി, കോട്ടയം, തിരുവല്ല, കോഴിക്കോട് എന്നിവിടങ്ങളിലും സർവ്വീസ് നൽകുന്നുണ്ട്. കേരളത്തിന് അകത്തും പുറത്തുമായി പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ പിന്നണി പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നു മാനേജിംഗ് ഡയറക്ടർ ടോം ജോർജ് പറഞ്ഞു.

## ഡിസംബറിൽ 11,676 വാഹനങ്ങൾ വിറ്റഴിച്ച് നിസാൻ

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഡിസംബർ മാസത്തിൽ 11,676 വാഹനങ്ങൾ വിറ്റഴിച്ചു. കഴിഞ്ഞ മാസത്തേക്കാൾ 43% വളർച്ച നിസാൻ മോട്ടോർ ഇന്ത്യ രേഖപ്പെടുത്തി. 2023 ഡിസംബർ മാസത്തെക്കാൾ 72% വളർച്ചയും. ഡിസംബർ മാസം ആഭ്യന്തര വിപണിയിൽ 2,118 വാഹനങ്ങൾ വിറ്റഴിച്ചപ്പോൾ 9,558 വാഹനങ്ങൾ കയറ്റുമതി ചെയ്യുകയായിരുന്നു.അടുത്തിടെ പുറത്തിറക്കിയ പുതിയ നിസാൻ മാഗ്നൈറ്റിന്റെ ബുക്കിംഗ് 10,000 കടന്നതായും നിസാൻ വ്യക്തമാക്കി. കഴിഞ്ഞ കലണ്ടർ വർഷത്തിൽ 91,184 യൂണിറ്റുകളുടെ മൊത്തവില്പന നേടാനും നിസാൻ സാധിച്ചു.

ഇന്ത്യയിൽ നിസാന് വഴിത്തിരിവ് നൽകിയ ഒരു വർഷമായിരുന്നു 2024. നാലാം തലമുറ നിസാൻ എക്സ്ട്രെയിൽ, പുതിയ നിസാൻ മാഗ്നൈറ്റ് തുടങ്ങിയ മോഡലുകൾ അവതരിപ്പിക്കുവനായി. ഡിസംബറിലെ ഈ മികച്ച വിൽപ്പന ആഭ്യന്തര, അന്തർദേശീയ വിപണികളിൽ നിസാൻ വാഹനങ്ങളോടുള്ള വിശ്വാസവും താൽപര്യവുമാണ് കാണിക്കുന്നത്.‘ നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

## കേരളത്തിന്റെ ഡിജിറ്റൽ മുന്നേറ്റങ്ങൾ; അഭിനന്ദനവുമായി പ്രമോദ് വർമ്മ

**തിരുവനന്തപുരം:** ഇൻഫർമേഷൻ കേരള മിഷന്റെയും (ഐ.കെ.എം) കെസ്മാർട്ടിന്റെയും ശ്രദ്ധേയമായ പ്രവർത്തനങ്ങളെയും വളർച്ചയേയും അഭിനന്ദിച്ച് സാങ്കേതിക വിദഗ്ധനും ആധാർ, യു.പി.ഐ, ഇന്ത്യ സ്റ്റാക്ക് എന്നിവയുടെ മുൻ ചീഫ് ആർക്കിടെക്റ്റുമായ ഡോ. പ്രമോദ് വർമ്മ. കേരള ഫൈബർ ഒപ്റ്റിക് നെറ്റുവർക്ക് (കെഫോൺ) ആസ്ഥാനം സന്ദർശിക്കവേയായിരുന്നു അദ്ദേഹത്തിന്റെ പരാമർശം.ഭരണകാര്യങ്ങളിൽ നൂതന സാങ്കേതികരീതികൾ ഫലപ്രദമായി നടപ്പാക്കിക്കൊണ്ടുള്ള ഐ.കെ.എമ്മിന്റെ 25 വർഷക്കാലത്തെ യാത്രയെ ഡോ. വർമ അഭിനന്ദിച്ചു. ഭരണ കാര്യങ്ങളിൽ സുതാര്യത ഉറപ്പാക്കുകയും ഒപ്പം പൊതുജനങ്ങളും സർക്കാരും തമ്മിലുള്ള അന്തരം ഇല്ലാതാക്കുകയും ചെയ്യുന്ന ഡിജിറ്റൽ ഇ.ആർ.പി പ്ലാറ്റ്ഫോമായ കെസ്മാർട്ട് നെ അദ്ദേഹം പ്രത്യേകം പരാമർശിച്ചു. കെഫോൺ പോലുള്ള പദ്ധതികൾ ശക്തമായ ഡിജിറ്റൽ കണക്ടിവിറ്റി ഉറപ്പാക്കിക്കൊണ്ട് ഇത്തരം ശ്രമങ്ങളെ പിന്തുണയ്ക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

കെസ്മാർട്ട് പോലുള്ള നൂതന സംവിധാനങ്ങൾ രൂപകൽപ്പന ചെയ്തുകൊണ്ട് കഴിഞ്ഞ 25 വർഷങ്ങളായി നിലകൊള്ളുന്ന ഐ.കെ.എം പോലുള്ള സർക്കാർ നിയന്ത്രണത്തിലുള്ള പ്ലാറ്റ്ഫോമുകൾ ഏവർക്കും ഏറെ പ്രചോദനം നൽകുന്ന ഒന്നാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനൊപ്പം സർക്കാർ സേവനങ്ങൾ അനായാസേനയും സുതാര്യത ഉറപ്പാക്കിക്കൊണ്ടും പൗരന്മാർക്ക് ലഭ്യമാക്കുന്ന കെസ്മാർട്ട് ഭരണത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണുണ്ടാക്കുന്നത്. കെഫോൺ പോലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കൂടി ഇവയ്ക്കൊപ്പം ചേരുന്നതിലൂടെ ഡിജിറ്റലി ശാക്തീകരിക്കപ്പെട്ട ഒരു സമൂഹത്തിലേക്കുള്ള വഴിതെളിയ്ക്കുകയാണെന്നും ഡോ. വർമ പറഞ്ഞു. ഭരണചക്രത്തെ സാങ്കേതിക വിദ്യയാൽ ശക്തിപ്പെടുത്തുവാനുള്ള തങ്ങളുടെ പരിശ്രമങ്ങളുടെ മുന്നിൽനിൽക്കുന്നത് കെസ്മാർട്ടാണ്. ഡോ. വർമയുടെ ഈ അനുമോദനം, ഡിജിറ്റൽ ഇന്നോവേഷനിലും ഗവേണൻസിലും കേരളത്തെ ഒന്നാമതെത്തിക്കാനുള്ള ഞങ്ങളുടെ പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി കാണുന്നുവെന്നും കെഫോൺ മാനേജിംഗ് ഡയറക്ടറും ഐ.കെ.എം സിഎംഡി & ഇഡി ഇൻ ചാർജുമായ ഡോ. സന്തോഷ് ബാബു പറഞ്ഞു.

## എസ്ബിഐ ലൈഫ് സ്പെൽ ബീ സീസൺ 14 സമാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും അഭിമാനകരമായ സ്പെല്ലിങ് മൽസരമായ എസ്ബിഐ ലൈഫ് സ്പെൽ ബീ സീസൺ 14 കൊൽക്കത്തയിൽ ആവേശകരമായ ഗ്രാൻഡ് ഫിനാലെയോടെ സമാപിച്ചു. ബെംഗളൂരു ആർടി നഗറിലെ പ്രസിഡൻസി സ്കൂളിലെ എട്ടാം ക്ലാസുകാരി 13 വയസ്സുള്ള എം. വി. ഛായ ’സ്പെൽ മാസ്റ്റർ ഓഫ് ഇന്ത്യ’ കിരീടം നേടി. മൽസരത്തിലുടനീളം അസാധാരണ കഴിവും അർപ്പണവും ഭാഷയോട് അമിതമായ താൽപര്യവും പുലർത്തിയാണ് ഛായ കിരീടം സ്വന്തമാക്കിയത്.

ജയ്പൂരിലെ കേംബ്രിഡ്ജ് കോർട്ട് ഹൈസ്ക്കൂളിലെ 13കാരൻ മേധൻഷ് വദ്ദാടിയും ഹൈദാരാബാദ് കെന്നഡി ഗ്ലോബൽ ഹൈസ്ക്കൂളിലെ 14കാരൻ യശിൻ പചൗരിയും റണ്ണറപ്പുകളായി. ഇരുവരും മികച്ച കഴിവ് ഗ്രാൻഡ് ഫിനാലെയിൽ പുറത്തെടുത്തു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com